“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

*Vol. XXXVII* *2009 September* *No. 9*

വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

## ഉള്ളടക്കം


വൈദീകവർഷം ........................................ 683
രൂപതാ കച്ചേരി വാർത്തകൾ ........................................ 685
വൈദീക സമ്മേളനം റിപ്പോർട്ട് ........................................ 691
റീജിയണൽ വാർത്തകൾ ........................................ 695
മതബോധനരംഗം ........................................ 697
ചെറുപുഷ്പമിഷൻലീഗ് ........................................ 700
കെ. സി. വൈ. എം. ........................................ 711
കുടുംബപ്രേഷിതത്വം ........................................ 717
സിയോൻ വാർത്തകൾ ........................................ 721
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 723
ജയിൽ മിനിസ്ട്രി ........................................ 725
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................................ 726
സാമൂഹ്യ സേവനരംഗം ........................................ 727
റേഡിയോ മാറ്റൊലി ........................................ 732
അറിയിപ്പുകൾ ........................................ 735
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 738
ബിഷപ്സ് പ്രോഗ്രാം ........................................ 739

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

"ആധുനിക മനുഷ്യൻ പ്രബോധകരെ എന്നതിനേക്കാൾ സാക്ഷ്യങ്ങളെയാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. പ്രബോധകരെ അവൻ ശ്രവിക്കുന്നുവെങ്കിൽ അതിന് കാരണം അവർ സാക്ഷികളുമാണ് എന്ന തത്രെ. അസ്തിത്വപരമായ ശൂന്യത നാം അനുഭവിക്കാതിരിക്കുവാൻ, നമ്മുടെ ദൗത്യത്തിന്റെ ഫലപ്രാപ്തി സന്ധി ചെയ്യപ്പെടാതിരിക്കുവാൻ, എപ്പോഴും പുതുതായി നമ്മോട് ഇങ്ങനെ ചോദിക്കണം. നമ്മൾ യഥാർത്ഥത്തിൽ ദൈവവചനത്തിന് അനുയോജ്യരായാണോ ജീവിക്കുന്നത്? അപ്പത്തെക്കാളും, ഈ ലോകത്തിന്റെ വസ്തുക്കളെക്കാളും നാം ജീവൻ നിലനിർത്തുവാൻ ഉപയോഗിക്കുന്ന പരിപോഷണമാണോ ആ വചനം? നമുക്ക് വാസ്തവത്തിൽ ആ വചനം അറിയാമോ? നാം അതിനെ സ്നേഹിക്കുന്നുണ്ടോ? നമ്മുടെ ജീവിതങ്ങളിൽ മുദ്ര അവശേഷിപ്പിക്കത്തക്കവിധം, ചിന്തകളെ രൂപപ്പെടുത്തത്തക്ക പരിധിവരെ ഈ വചനവുമായി നാം വാസ്തവത്തിൽ ഇടപഴകുന്നുണ്ടോ?...." (ഇടയലേഖനം, ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ).

വി. പൗലോസിനെപ്പോലെ നാം അണിഞ്ഞിരിക്കുന്ന സുവിശേഷത്തിന്റെ പാദരക്ഷകൾ ഒന്നുകൂടി ദൃഢപ്പെടുത്താം. മരണകരമായ ആചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും, വിശ്വാസങ്ങളെയും ഇല്ലാതാക്കി ഉത്ഥിതനായ യേശുവിന്റെ ശക്തിയിൽ ഒരു നവസൃഷ്ടിയാകാനുള്ള പുന:ർപ്പണത്തിന്റെ പാതയിൽ സഞ്ചരിക്കാം.

## അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ

| Date | | Name of Parish / Institution |
|---|---|---|
| Nov. | 1 | Chundakkara |
| " | 2 | Kalluvayal |
| " | 3 | Kaniyambatta |
| " | 4 | Kenichira |
| " | 5 | Nadavayal |
| " | 6 | Neikkuppa |
| " | 7 | Paralikunnu |
| " | 8 | Kurumbalakkotta |
| " | 9 | Valavayal |
| " | 10 | Vilambukandam |
| " | 11 | Chokkad |
| " | 12 | Edivanna |
| " | 13 | Moolepadam |
| " | 14 | Muttiyel |
| " | 15 | Nilambur |
| " | 16 | Pookottumpadam |
| " | 17 | Poolappadam |
| " | 18 | Rubynagar |
| " | 19 | Thelpara |
| " | 20 | T.K. Colony |
| " | 21 | Vallikettu |
| " | 22 | Vadapuram |
| " | 23 | Appappara |
| " | 24 | Arattuthara |
| " | 25 | Bavali |
| " | 26 | Edayoorkunnu |
| " | 27 | Kammana |
| " | 28 | Kartikulam |
| " | 29 | Martinnagar |
| " | 30 | Padamala |
| " | 31 | Panavally |

**ഫാ. ബെന്നി മുതിരക്കാലായിൽ**

കൺവീനർ, വൈദീക വർഷാചരണ കമ്മറ്റി

# രൂപതാകച്ചേരി വാർത്തകൾ

## മിഷൻലീഗ് കുഞ്ഞേട്ടന് ആദരാഞ്ജലികൾ



പതിനേഴ് ലക്ഷത്തോളം കുഞ്ഞുമിഷനറിമാർക്ക് പരിശീലനം നൽകിയ, ചെറുപുഷ്പ മിഷൻലീഗിനെ ഏഷ്യയിലെ ഏറ്റവും വലിയ അത്മായ സംഘടനയായി വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച, മിഷൻലീഗിനെ തന്റെ വീട്ടുപേരാക്കി മാറ്റിയ, കുഞ്ഞേട്ടനെന്ന പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകാംഗമായ, പല്ലാട്ടുകുന്നേൽ പി.സി. അബ്രാഹം 2009 ആഗസ്റ്റ് 11-ാം തീയതി നിത്യസമ്മാനത്തിനായി നമ്മെ വിട്ടുപിരിഞ്ഞു. 1947 ഒക്ടോബർ 3-ന് വി. കൊച്ചുത്രേസ്യായുടെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഭരണങ്ങാനത്ത് ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനോടും മറ്റ് ആറു പേരോടുമൊപ്പം മിഷൻലീഗ് എന്ന സംഘടനയ്ക്ക് തുടക്കം കുറിച്ച വ്യക്തിയായിരുന്നു കുഞ്ഞേട്ടൻ. തികഞ്ഞ ഗാന്ധിയനും, സ്വാതന്ത്ര്യസമര സേനാനിയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഭാരത സഭാരത്നം അവാർഡ് ജേതാവുമായിരുന്നു കുഞ്ഞേട്ടൻ. 1925 മാർച്ച് 19-ാം തീയതി ഭരണങ്ങാനത്ത് ജനിച്ച കുഞ്ഞേട്ടന്റെ ജീവിതത്തിന്റെ ഏഴു പതിറ്റാണ്ടുകൾ ദൈവത്തിനും അവിടുത്തെ കുഞ്ഞുമക്കൾക്കും വേണ്ടിയാണ് ചിലവഴിച്ചത്. തന്റെ ഏഴുമക്കളിൽ 3 പേരെ സഭാ സേവനത്തിനായി കർത്താവിനു സമർപ്പിച്ച കുഞ്ഞേട്ടൻ കേരളം കണ്ട ഏറ്റവും വലിയ ദൈവവിളി പ്രോത്സാഹകനായിരുന്നു. കുഞ്ഞുമിഷനറി മാസികയും, ദൈവവചന പ്രഘോഷണവും, മിഷൻലീഗ് പ്രവർത്തനങ്ങളുമായി സഞ്ചരിച്ച അദ്ദേഹം കേരളത്തിലെ മിക്കവാറും എല്ലാ ഇടവകകളും സന്ദർശിച്ചിട്ടുണ്ട്. ആയിരക്ക

ണക്കിന് കുട്ടികൾക്ക് അദ്ദേഹം നേരിട്ട് കത്തെഴുതുകയും അവരുടെ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അദ്ദേഹത്തെ നേരിട്ട് പരിചയമില്ലാത്ത വൈദികർ വളരെ ചുരുക്കമായി രിക്കും. അനേകപ്രാവശ്യം മാനന്തവാടി സന്ദർശിച്ചിട്ടുള്ള, അനിതര സാധാരണമായ തീക്ഷ്ണതയോടെ സഭാസേവനം നിർവ്വഹിച്ച ഈ മിഷനറിയോട് മാനന്തവാടി രൂപതയ്ക്കുള്ള കടപ്പാടും സ്നേഹവും നന്ദിയും ഇവിടെ അനുസ്മരിക്കട്ടെ. വി. കൊച്ചുത്രേസ്യയിൽ നിന്നും വി. അൽഫോൻസയിൽ നിന്നും ചൈതന്യം സ്വീകരിച്ച ഈ മഹാനായ അത്മായ പ്രേഷിതന്റെ മാതൃക നമുക്കെല്ലാവർക്കും പ്രത്യേകിച്ച് അത്മാ യർക്കും പ്രചോദനമാകട്ടെ. കുഞ്ഞേട്ടന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും മാനന്തവാടി രൂപത യുടെ ഹൃദയം നിറഞ്ഞ അനുശോചനങ്ങളും പ്രാർത്ഥനകളും നേരുന്നു.

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ ബഹു. അച്ചന്മാരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും ബലികളിലും സ്നേഹപൂർവ്വം അനുസ്മരിക്കാം.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 സെപ്റ്റംബർ 26-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്റ റൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ കത്ത് മുഖേന അറിയിക്കു ന്നതായിരിക്കും.

## മാനന്തവാടി രൂപതാ മീഡിയ കമ്മീഷൻ രൂപീകരിച്ചു

| | | |
|---|---|---|
| Chairman | - | Rev. Fr. Thomas Joseph Therakam |
| Vice Chairman | - | Rev. Fr. Jaise Chettiyassery |
| Members | - | Very Rev. Msgr. George Moolayil |
| | - | Rev. Fr. Somy Vadayaparambil |
| | - | Mr. Joseph Pallath |

**ബഹു. വൈദീകരുടെ വാർഷികധ്യാനം**

ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന പ്രകാരം സെപ്റ്റംബർ 13 മുതൽ 18 വരെയും, 20 മുതൽ 25 വരെയും രണ്ടു ബാച്ചുകളിലായി നമ്മുടെ

രൂപതയിലെ ബഹു. വൈദീകരുടെ വാർഷിക ധ്യാനം നടക്കുന്നതായിരിക്കും. വൈദീക വർഷത്തിലെ ഈ ധ്യാനത്തിൽ എല്ലാ വൈദികരും തീർച്ചയായും പങ്കെടുക്കേണ്ടതാണ്. തക്കതായ കാരണത്താൽ വാർഷിക ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ കഴിവതും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയച്ചനെ അറിയിക്കേണ്ടതാണ്. ഏതാനും കാര്യങ്ങൾ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

1) ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. അതുവഴി ജനങ്ങൾക്ക് വൈദീകർക്കുവേണ്ടി പ്രാർത്ഥിക്കാനും, അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും കഴിയും.

2) ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരിക.

3) ധ്യാനത്തിനു വരുമ്പോൾ P.P.F. ന്റെ വരിസംഖ്യ നൽകാത്തവർ അതുകൂടി കരുതിവരിക.

4) ധ്യാന ദിവസങ്ങളിൽ രൂപതാകൂരിയ അവധിയിലായിരിക്കും.

## First Batch Retreat 2009: Sep. 13 sunday to 18 Friday

| No | House Name | Rev. FRS. Name |
|---|---|---|
| 1 | Aikkarathazhath | Sebin |
| 2 | Ambalathinkal | Sebastian |
| 3 | Athickal | Mathew |
| 4 | Changanamthundathil | Jojo |
| 5 | Chelackappillil | Thomas |
| 6 | Chembakkara | James |
| 7 | Chittoor | Joseph |
| 8 | Elavanappara | Sebastian |
| 9 | Elemkunnel | Sebastian |
| 10 | Kachirayil | Thomas |
| 11 | Kakkonal | Manoj |
| 12 | Kalappura | Vincent |
| 13 | Kallupura | Johny |
| 14 | Kaniyamattam | Joseph |
| 15 | Kazhuthadiyil | Mathew |
| 16 | Kocharackal | Jose |
| 17 | Kochuparackal | Kurian |
| 18 | Kochuparackal | Mathew |
| 19 | Koippuram | Sebastian |
| 20 | Kokkandathil | John |
| 21 | Kollarthottam | Mathew |
| 22 | Kottayil | Joseph |
| 23 | Koottala | Paul |
| 24 | Korattiparambil | Vincent |
| 25 | Kottackal | Stephen |
| 26 | Kottaram | Jose |

| | | |
|---|---|---|
| 27 | Kulirany | Jose |
| 28 | Kunnath | Johny |
| 29 | Kunnath | Kuriakose |
| 30 | Kuttikattukunnel | Thomas |
| 31 | Madapallikunnel | Mathew |
| 32 | Madathil | Abraham |
| 33 | Madathinakam | Leopold |
| 34 | Malayil | Mathew |
| 35 | Manchuvally | Joseph |
| 36 | Mangalathil | Thomas |
| 37 | Mankottil | James |
| 38 | Mapplassery | Lukose |
| 39 | Mavara | Stanislaus |
| 40 | Mecheril | Joseph |
| 41 | Moothedath | Mathew |
| 42 | Mulakudiyankal | Varghese |
| 43 | Mulavelikunnel | Jacob |
| 44 | Munjanattu | Mathew |
| 45 | Muthanikkattu | Justin |
| 46 | Muthukattil | Shantidas |
| 47 | Myladoor | George |
| 48 | Nadukunnel | Abraham |
| 49 | Nanthikattu | Joseph |
| 50 | Nedumpallil | Jacob |
| 51 | Nilackappillil | Augustine |
| 52 | Ousepparambil | Joseph |
| 53 | Pakkanikuzhy | Vinod |
| 54 | Parayil | Sebastian |
| 55 | Parunthanolil | Thomas |
| 56 | Paruvummel | Joseph |
| 57 | Peedikappara | James |
| 58 | Periyappuram | Mathew |
| 59 | Perumattikunnel | Mathew |
| 60 | Perumattikunnel | Thomas |
| 61 | Pinakkattu | Joseph |
| 62 | Plassanal | Thomas |
| 63 | Ponthottiyil | Thomas |
| 64 | Pulinthanam | Jose |
| 65 | Pullankunnel | Joy |
| 66 | Pulpayil | Joseph |
| 67 | Punakkattu | Chandy |
| 68 | Puthanapra | Kurian |
| 69 | Puthanpurayil | Manuel |
| 70 | Puthenpura | John |
| 71 | Puthukkulathil | John |
| 72 | Thamaraseril | Vincent |
| 73 | Therakam | Thomas Joseph |
| 74 | Thondiparambil | Sebastian |
| 75 | Thumbiyamkuzhy | Prince |
| 76 | Thuruthel | Joseph |
| 77 | Thuruthel | Thomas |
| 78 | Thykunnumpuram | Thomas |
| 79 | Unnipally | Sebastian |
| 80 | Vadakkemulanjanal | Michael |
| 81 | Vadayaparambil | Sony |
| 82 | Valloppilly | Joseph |
| 83 | Vazhachalil | Thomas |
| 84 | Vazhakkala | Chacko |
| 85 | Vazhappilly | Paul |
| 86 | Vazhayil | Kurian |

**Religious Fathers**

| | | |
|---|---|---|
| 1 | Chakkummootil | Jojo TOR, |
| 2 | Chirappurath | Kurian OFM |
| 3 | Ezhanikkatt | George CMI |
| 4 | Illiparambil | Chacko CMI |
| 5 | Kanjiramparambil | Johny MSFS |
| 6 | Mangalathil | Mathew CMI |
| 7 | Poovathummoottil | Thomas VC |
| 8 | Purathayil | James MST |
| 9 | Thottathil | Mathew CMF |

# Second Batch Retreat 2009: Sep. 20 Sunday to 25 Friday

| No | House Name | Rev. FRS. Name |
|---|---|---|
| 1 | Alukka | George |
| 2 | Chakkittakudiyil | James |
| 3 | Chakkittakudy | Joseph |
| 4 | Chakkiyath | Xavier |
| 5 | Chempalayil | Augustine |
| 6 | Cherukaramuttam | Peter |
| 7 | Chettany | Thomas |
| 8 | Chettiyassery | Joseph |
| 9 | Choorapuzhayil | John |
| 10 | Chozhenparambil | John |
| 11 | Kakkattikkalayil | Sebastian |
| 12 | Kalappura | Alex |
| 13 | Kalappura | Jose |
| 14 | Kallungathara | Augustine |
| 15 | Kappiyarumalayil | Jose |
| 16 | Kappiyarumalayil | John |
| 17 | Karuthedath | Mathew |
| 18 | Kattarath | Mathew |
| 19 | Kattuthuruthiyil | Thomas |
| 20 | Kizhakkanputhupally | John |
| 21 | Kizhakkumpuram | George |
| 22 | Koikkattil | Thomas |
| 23 | Korandiyarkunnel | Paul |
| 24 | Kulathinal | James |
| 25 | Kumbakeel | Kuriakose |
| 26 | Kumbukal | James |
| 27 | Kunnathett | James |
| 28 | Kuthukallunkal | Francis |
| 29 | Kuttimakkal | James |
| 30 | Kuzhikandathil | Joseph |
| 31 | Mampallil | George |
| 32 | Mampallil | Anto |
| 33 | Manakkattumattam | Paul |
| 34 | Manakkunnel | Thomas |
| 35 | Mannoor | Thomas |
| 36 | Mattam | Gervasis |
| 37 | Memana | Joseph |
| 38 | Memana | George |
| 39 | Meppurath | Chacko |
| 40 | Moloparambil | Jose |
| 41 | Moolayil | Jimmy |
| 42 | Moolayil | George |
| 43 | Moothedath | Thomas |
| 44 | Mukkattukavunkal | Thomas |
| 45 | Mundackal | Jose |
| 46 | Mundackamatam | Jose |
| 47 | Muthirakkalayil | Joseph |
| 48 | Muttathukunnel | Joseph |
| 49 | Narikuzhy | Jacob |
| 50 | Nechikkattu | Joseph |
| 51 | Nedumkallel | Joseph |
| 52 | Nellikkunnel | Francis |
| 53 | Onampally | Jerry |
| 54 | Ottaplackal | Thomas |
| 55 | Padinjarayil | George |
| 56 | Padinjarayil | Mathew (Robin) |
| 57 | Paikkattu | Mathew |
| 58 | Painumkal | Kuriakose |
| 59 | Painumkal | George |
| 60 | Palacky | Sebastian |
| 61 | Palakkattu | Augustine |
| 62 | Palath | Joseph |

| | | |
|---|---|---|
| 63 | Pallichankudiyil | Mathai |
| 64 | Parambil | Kuriakose |
| 65 | Pariyappanal | Thomas |
| 66 | Perumattikunnel | John |
| 67 | Poovathinkal | Peter |
| 68 | Pudussery | Vincent |
| 69 | Pudussery | Martin |
| 70 | Punchayil | Lucka |
| 71 | Puthenpura | Augustine |
| 72 | Puthenpura | Mathew |
| 73 | Puthenpurayil | Joseph |
| 74 | Puthukulangara | Thomas |
| 75 | Thanniyil | Augustine |
| 76 | Thayyil | Jose |
| 77 | Thekkanady | Jose |
| 78 | Therakam | George |
| 79 | Thuruthel | Kuriakose |
| 80 | Vadakkancheril | Robin |
| 81 | Vadayaparambil | Jose |
| 82 | Valakodiyil | Dominic |
| 83 | Vathelil | Abraham |
| 84 | Vattukunnel | Issac |
| 85 | Vazhakkattu | Joseph |
| 86 | Veliyath | Joseph |

**Religious Fathers**

| | | |
|---|---|---|
| 1 | Arimana | JoshyO.Praem |
| 2 | Chirackalpurayidom | George CMF |
| 3 | Kalapurayil | Mathew CMI |
| 4 | Kokkandathil | Jose MSFS |
| 5 | Mangatt | Anil OFM |
| 6 | Mullasseril | Joy CSs R |
| 7 | Mundanthanam | Chackochan SAC |
| 8 | Njallampuzha | Francis CMI |
| 9 | Ponnambel | Joseph TOR |

# Appointment

Rev. Fr. Jais Chettiyassery - Priest - in - charge, Amalanagar (Additional Charge)

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമ്മേളനം (Priests' Conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2009 ജൂലൈ 29–ാം തീയതി ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. 10.30–ന് ബഹു. സോണി വടയാപറമ്പിലച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പൗരോഹിത്യത്തിന് നാം വിലകല്പിക്കണമെന്നും ഇത് സ്നേഹത്തിന്റെ വർഷമായിരിക്കണമെന്നും പൗരോഹിത്യത്തിന് ലഭിക്കുന്ന വലിയ ഒരു അംഗീകാരമാണ് ഈ വൈദിക വർഷമെന്നും അച്ചൻ പറഞ്ഞു. സ്വയം അംഗീകരിച്ച് മറ്റുള്ളവരെ ആദരിക്കുവാനും വിനീത ഭാവം സ്വന്തമാക്കുവാനും ശ്രമിക്കണമെന്നും, ദൈവത്തോട് ചേർന്നു നിന്നു കൊണ്ട് ഓരോ വൈദികനും തന്റെ മഹത്വം മനസ്സിലാക്കണമെന്നും പരസ്പരം പ്രാർത്ഥിച്ചും ബഹുമാനിച്ചും ഏവരെയും കൂടുതൽ സ്നേഹിച്ചും വൈദികവർഷം ഫലപ്രദമാക്കാം എന്ന ആഹ്വാനത്തോടെ അച്ചൻ എല്ലാ വൈദികർക്കും വൈദിക വർഷത്തിന്റെ മംഗളങ്ങൾ നേർന്നു.

തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. നമ്മെക്കുറിച്ച് ശരിയായ അറിവും അവബോധവും ഉണ്ടായിരിക്കണമെന്നും, സ്വന്തം അവസ്ഥ മനസ്സിലാക്കണമെന്നും, വി. പൗലോസിനെപ്പോലെ നാമും ഓടുകയാണെന്നും, ദൈവമാണ് ഫലം തരുന്നതെന്നും പിതാവ് പറഞ്ഞു. ജോൺ എഫ്. കെന്നഡിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പിതാവ് തുടർന്നു. രൂപതയിൽ നിന്നും എനിക്ക് എന്തു കിട്ടും എന്നല്ല എനിക്ക് രൂപതയ്ക്കു വേണ്ടി, ദൈവജനത്തിനു വേണ്ടി എന്തു ചെയ്തു കൊടുക്കുവാൻ സാധിക്കും എന്നു നാം ചിന്തിക്കണം. നമ്മുടെ സേവനങ്ങൾക്ക് പലപ്പോഴും കിട്ടുന്ന പ്രതിഫലം ആരോപണങ്ങളും ചീത്തവിളിയുമൊക്കെയാകാം. എന്നാലും നാം ഓട്ടം നിർത്താതെ ഓടുവാൻ

പരിശ്രമിച്ചുകൊണ്ടേയിരിക്കുക. ഒരുപക്ഷേ ലക്ഷ്യത്തിൽ എത്താൻ സാധിച്ചില്ലെങ്കിലും ദൈവമാണ് പ്രതിഫലം നൽകുന്നതെന്ന് വിചാരിക്കുക.

എവിടെ സേവനം ചെയ്താലും, അത് ഇടവകയാകാം, സ്ഥാപനമാകാം, എസ്റ്റേറ്റാകാം, സ്കൂളാകാം, ത്രിവിധ ദൗത്യങ്ങളാണ് ഒരു വൈദികനുള്ളതെന്നും പിതാവ് സൂചിപ്പിച്ചു. തുടർന്ന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഏവരുടെയും അറിവിലേയ്ക്കായി പിതാവ് നൽകി.

1) +1, +2 ക്ലാസുകളിലെ കുട്ടികളുടെ വേദപാഠത്തിന്റെ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുക.
2) രൂപതാഗാനം വേദപാഠം കഴിഞ്ഞ് കുട്ടികൾ പോകുന്നതിനുമുൻപ് പാടിക്കാൻ ശ്രദ്ധിക്കുക.
3) പ്രതിജ്ഞകളും മറ്റും അതാത് സമയങ്ങളിൽ ചെയ്യിക്കാൻ ശ്രദ്ധിക്കുക.
4) കണക്കുകൾ എഴുതുമ്പോൾ ബില്ലുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.
5) പൊതു പിരിവുകൾ യഥാ സമയങ്ങളിൽ എത്തിക്കുക.
6) രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുക.
7) എല്ലാ ഇടവകകളിലും കമ്പ്യൂട്ടർ ഉപയോഗിച്ച് കണക്ക് എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.

തുടർന്ന് വൈദികവർഷ ആചരണകമ്മിറ്റി കൺവീനർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ ജൂലൈ മാസത്തിൽ വൈദികരുടെ മാസധ്യാനങ്ങളിൽ നടന്ന ചർച്ചയുടെ ഫലങ്ങൾ അവതരിപ്പിച്ചു. അതിനെ തുടർന്ന് രൂപതാതല മതബോധന ടീമിന്റെ ചില നിർദ്ദേശങ്ങൾ അച്ചൻ അവതരിപ്പിച്ചു.

1) വൈദിക ജീവിതത്തിന്റെ മഹത്വം ഇടവക ജനത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കുക.
2) ഇടവകാതിർത്തിക്കുള്ളിൽ വരുന്ന പൊതു പരിപാടികളിൽ ഒരു വൈദികന്റെ സാന്നിധ്യം ഉണ്ടാകണമെന്ന് ജനം ആഗ്രഹിക്കുന്നു. (കാരണം വൈദികൻ ഇടപെടുന്നത് ജനത്തിന്റെ നന്മയ്ക്കായിരിക്കുമെന്നും അവിടെ സ്വാർത്ഥത ഉണ്ടാകില്ലെന്നും ജനത്തിനറിയാം.)
3) ഇടവകയിൽ സേവനം ചെയ്ത് കടന്നുപോയ വൈദികരെ അനുസ്മരിക്കുക, അവരെ ഇടവകജനത്തിന് പരിചയപ്പെടുത്തിക്കൊടുക്കുക.

4) ഇടവകയിൽ സേവനം ചെയ്ത് കടന്നുപോയ വൈദീകരുടെ ഫോട്ടോ സ്ഥാപിക്കുക. അവർ ഇടവകയിൽ ചെയ്ത നല്ല കാര്യങ്ങൾ ഇടവകജനത്തിനു മനസ്സിലാക്കിക്കൊടുക്കുക.

5) വൈദികരുടെ ചരമദിനത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

6) ഇടവകയിൽ നിന്നുള്ള വൈദികരെ വിളിച്ചുകൂട്ടുക.

7) വൈദികരുടെ മാതാപിതാക്കളെ അഭിനന്ദിക്കുക. (ദൈവവിളി പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു മാർഗ്ഗം കൂടിയാണ് ഇത്)

8) എല്ലാ വൈദികരുടെയും ബയോഡേറ്റ എല്ലാ ഇടവകകളിലേയ്ക്കും കൊടുക്കുക.

9) മതാദ്ധ്യാപകരെയും സംഘടനാ ഭാരവാഹികളേയും ഒരുമിച്ച് ചേർത്ത് ഇടവക തലത്തിൽ വൈദിക വർഷാചരണ പരിപാടികൾ നടത്തുക.

തുടർന്ന് ഒലിവുമലപള്ളി വികാരി റവ.ഫാ. റോണി തോട്ടത്തിൽ ചാരിറ്റിയിലുണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ചും, നാശനഷ്ടങ്ങളെക്കുറിച്ചും ഒരു ചെറിയ വിവരണം നൽകുകയും വന്ന് കണ്ട് ആശ്വസിപ്പിച്ച അഭിവന്ദ്യ പിതാവിനും മറ്റെല്ലാവർക്കും ശുചീകരണപ്രവർത്തനങ്ങൾക്കായി വന്ന് സഹകരിച്ചവർക്കുമൊക്കെ പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്തു.

പി.പി.എഫ്. സെക്രട്ടറി ബഹു. വർഗ്ഗീസ് മുളകുടിയാങ്കലച്ചൻ പി.പി. എഫിന്റെ കണക്കുകൾ വായിച്ചു. കഴിഞ്ഞ മൂന്നു വർഷങ്ങളായി പി.പി.എഫ്. വിഹിതം നൽകാത്തവർ ഇനിയുമുണ്ടെന്നും അംഗങ്ങളുടെ ചോദ്യത്തിന് മറുപടിയായി അച്ചൻ പറയുകയും തുടർന്ന് നടന്ന ചർച്ചയിൽ പി.പി. എഫ് വിഹിതം 3 വർഷങ്ങളായി അടയ്ക്കാത്തവരുടെ ലിസ്റ്റ് എല്ലാ അംഗങ്ങൾക്കും നൽകണമെന്ന് ഭൂരിപക്ഷം അംഗങ്ങൾ ആവശ്യപ്പെടുകയും ചെയ്തു.

തുടർന്ന് കമ്മ്യൂണിറ്റി റേഡിയോ 'മാറ്റൊലിയുടെ' ഡയറക്ടറായ റവ.ഫാ. തോമസ് ജോസഫ് തേരകം റേഡിയോ സ്റ്റേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ചെറിയ വിവരണം നൽകുകയും എല്ലാവരും റേഡിയോയുടെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഇടവകയുടെയോ, സ്ഥാപനങ്ങളുടേയോ സുവനീയറുകൾ പബ്ലീഷ് ചെയ്തവർ ഒരു കോപ്പി റേഡിയോ സ്റ്റേഷന്റെ ലൈബ്രറിയിലേയ്ക്ക് നൽകണമെന്നും അച്ചൻ ആവശ്യപ്പെട്ടു.


റവ.ഫാ. വിൻസെന്റ് പുതുശ്ശേരി വിശുദ്ധനാടുകളിലേയ്ക്ക് നടത്തുന്ന തീർത്ഥാടനത്തെക്കുറിച്ച് സംസാരിക്കുകയും ഈ വൈദിക വർഷത്തിൽ വിശുദ്ധ നാട് സന്ദർശനം ഒരു പ്രത്യേക അനുഭവമായിരിക്കുമെന്നും സാധിക്കുന്ന എല്ലാവരും അതിൽ സംബന്ധിച്ചാൽ നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

കോർപ്പറേറ്റ് മാനേജർ റവ.ഫാ. റോബിൻ വടക്കുംചേരി വിദ്യാഭ്യാസ രംഗത്ത് കോർപ്പറേറ്റ് നടത്തിക്കൊണ്ടിരിക്കുന്ന വിവിധ പരിഷ്കാരങ്ങളെക്കുറിച്ച് അംഗങ്ങളുമായി പങ്കുവച്ചു. കോർപ്പറേറ്റിന്റെ കീഴിൽ കണിയാരത്ത് വച്ച് ഞായറാഴ്ച വി. കുർബാനയ്ക്കും വേദപാഠത്തിനും കുട്ടികൾക്കും സൗകര്യം കിട്ടുന്ന വിധത്തിൽ ഒരു എൻട്രൻസ് കോച്ചിംഗ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് അംഗങ്ങളുടെ അഭിപ്രായം ചോദിക്കുകയും ഭൂരിഭാഗം പേരും അതിനെ പിൻതാങ്ങുകയും ചിലർ പലവിധ കാരണങ്ങളാൽ വിയോജിപ്പു പ്രകടിപ്പിക്കുകയും ചെയ്തു.

WSSS ഡയറക്ടർ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ സ്വവർഗ്ഗരതി നിയമാനുസൃതമാക്കിയ കോടതി വിധിയെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും സംസാരിച്ചു. ക്രൈസ്തവ കാഴ്ചപ്പാടിൽ ഒരിക്കലും ഈ വിധിയോട് യോജിക്കുവാൻ സാധിക്കുകയില്ലെന്നും ഇതിനെതിരായ ബോധവത്ക്കരണ പരിപാടികൾ നടത്തണമെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് അഭിവന്ദ്യ പിതാവ് എല്ലാവർക്കും നന്ദി അറിയിച്ചു. 2 മണിയോടെ വൈദിക സമ്മേളനം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ




# *റീജിയണൽ വാർത്തകൾ*

## എൻ.ആർ.പുര റീജിയൻ

8-6-2009 ന് റീജിയണിൽ സേവനം ചെയ്യുന്ന വൈദീകരുടെയും സന്യസ്തരുടെയും മീറ്റിംഗ് നടത്തി. ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനാ സ്തുതികൾ അർപ്പിച്ച് റീജിയണുവേണ്ടി പ്രത്യേകിച്ച് ഇവിടെ സേവനം ചെയ്യുന്ന എല്ലാ നോർബർട്ടൈൻ വൈദീകർക്കുംവേണ്ടി പ്രാർത്ഥിച്ചശേഷം പാരിഷ് ഹാളിൽ എല്ലാവരും ഒരുമിച്ച് കൂടി. സഭാ മധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന നോർബർട്ടൈൻ സഭാവൈദികർക്ക് എല്ലാവരും ഒന്നുചേർന്ന് മംഗളങ്ങൾ ആശംസിച്ചു. റീജിയണിൽ സേവനം ചെയ്ത് പുതിയ സേവനരംഗങ്ങളിലേയ്ക്ക് പോകുന്ന ബഹു.വൈദികർക്കും സിസ്റ്റേഴ്സിനും എൻ.ആർ.പുരയിലെ അവരുടെ സേവനങ്ങൾക്ക് നന്ദി പറയുകയും യാത്രാമംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

## വൈദീകവർഷാചരണം

21-6-09 ന് റീജിയണിലെ എല്ലാ ഇടവകകളിലും വൈദീകവർഷം ഉദ്ഘാടനം ചെയ്തു. ബലിയാകാനും ബലിയേകാനുമായി അർപ്പിക്കപ്പെട്ട എല്ലാ വൈദീകർക്കും വേണ്ടി അന്നേദിനം ദൈവജനം പ്രത്യേകമായി പ്രാർത്ഥിച്ചു. ഈ വർഷം മുഴുവനും വൈദികർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമെന്നും എല്ലാ കുടുംബങ്ങളും ജപമാലയുടെ 5-ാം രഹസ്യം വൈദീകർക്കായി കാഴ്ചവെയ്ക്കും എന്നും തീരുമാനിച്ചു. ഇതുവരെ റീജിയണിൽ സേവനം ചെയ്തവരും റീജിയണിൽ നിന്ന് ദൈവവിളി സ്വീകരിച്ച് വിവിധ സ്ഥലങ്ങളിൽ ആയിരിക്കുന്നവരുമായ വൈദീകരിൽ നിന്ന് ഓരോ കുടുംബത്തിനും ഓരോ വൈദീകന്റെ പേര് പ്രാർത്ഥിക്കുന്നതിനായി നൽകി.

## കെ.സി.വൈ.എം.

കെ.സി.വൈ.എം. എൻ.ആർ.പുര ശാഖയുടെ നേതൃത്വത്തിൽ 8-8-09 ന് കർഷകർക്കായി ഒരു സെമിനാർ ലിറ്റിൽഫ്ളവർ പള്ളിയിൽ വച്ച് നടത്തി. ഭൂരിഭാഗവും കർഷകരായ ഇവിടുത്തെ ജനങ്ങൾക്ക് കൃഷിയേക്കുറിച്ചുള്ള പുത്തൻ അറിവുകളും പുതിയ രീതികളും ഒക്കെ മനസ്സിലാക്കാൻ സെമിനാർ ഉപയുക്തമായി. മൂഡിഗരെ കാർഷിക കോളേജിലെ പ്രിൻസിപ്പാളും ടീം അംഗങ്ങളും സെമിനാറിന് നേതൃത്വം നൽകി. കർഷകർക്കായി ഇങ്ങനെയൊരു സെമിനാർ സംഘടിപ്പിച്ച എൻ.ആർ. പുര കെ.സി.വൈ.എം. അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

മാതൃസംഘടനയുടെ പുതിയ ഡയറക്ടർ റവ. ഫാ. സുനിൽ കടുമ്പത്താനത്തിന് അനുമോദനങ്ങൾ. അച്ചന്റെ സേവന വഴികളിൽ ധാരാളം ദൈവാനുഗ്രഹങ്ങളും വിജയാശംസകളും നേരുന്നു.

## പുതിയ ഫോൺ നമ്പർ

SABS കോൺവെന്റ് (ഷന്താൾഭവൻ) കൊപ്പ - 08265-215112

**സി. സോണിയ ടോം SH**

# മതബോധനരംഗം

**മതാധ്യാപകദിനം - സെപ്റ്റംബർ 13**

നമ്മുടെ രൂപതയിൽ ഈ വർഷം 2191 അധ്യാപകരാണ് വിവിധ ഇടവകകളിലായി വിശ്വാസ പരിശീലനത്തിൽ വ്യാപൃതരായിരിക്കുന്നത്. അധ്യാപകരുടെ സന്മനസുകൊണ്ട് സമ്പന്നമാണ് നമ്മുടെ വിശ്വാസ പരിശീലനവേദി. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങൾ വിശ്വാസ പരിശീലനത്തിന് ഏറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾകൊണ്ടുകൊണ്ട് മുന്നേറാൻ ശ്രമിക്കുന്ന അധ്യാപകർക്ക് ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു; ഒപ്പം അധ്യാപകദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം ഏവരിലും ഉറപ്പിക്കുവാനുള്ള അവസരമായിട്ടുകൂടി അധ്യാപകദിനത്തെ പരിഗണിക്കണം. "പൈതൃക വാത്സല്യത്തോടെ ഓരോ മനുഷ്യനേയും പരിപാലിക്കുന്ന ദൈവത്തിന്റെ തിരുവിഷ്ടം മനുഷ്യരെല്ലാം ഒരേ കുടുംബാംഗങ്ങളെപ്പോലെ സാഹോദര്യത്തിന്റെ പാവന ചൈതന്യത്തിൽ വർത്തിക്കണമെന്നതാണ്". ദൈവീകമായ ഈ കാഴ്ചപ്പാടിന് വെല്ലുവിളി ഉയർത്തുന്ന പ്രവണതകളാണ് ഇന്ന് മനുഷ്യകുലം അഭിമുഖീകരിക്കുന്നത്. കളങ്കപ്പെടുന്ന സമൂഹത്തിൽ ജീവിക്കുന്ന വ്യക്തികൾക്ക് ദൈവോന്മുഖരായി ജീവിക്കുവാൻ ശക്തിയും കരുത്തും പകർന്ന് നൽകേണ്ട പ്രധാനവേദിയാണ് വിശ്വാസ പരിശീലനവേദി. മനുഷ്യവ്യക്തിയുടെ വികാസവും, സമൂഹത്തിന്റെ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. എല്ലാ സാമൂഹ്യ സ്ഥാപനങ്ങളുടെയും ആരംഭവും, വിഷയവും, ലക്ഷ്യവുമെല്ലാം മനുഷ്യവ്യക്തിതന്നെയാണ്. അതിനാൽ സമൂഹനന്മയും, വ്യക്തികളുടെ നിത്യരക്ഷയും മുൻനിർത്തി, സത്യം, സ്നേഹം, നീതി, ആർദ്രത, കരുണ, ബഹുമാനം... തുടങ്ങിയ ദൈവസ്നേഹത്തിന്റെ മേഖലകളിലൂടെ കുട്ടികളെ പരിശീലിപ്പിക്കുവാൻ നമുക്ക് കഴി

യണം. ദൈവം നമ്മെയെല്ലാം സ്നേഹിക്കുന്നുവെന്നും, ആ സ്നേഹമാണ് നാം പങ്കുവയ്ക്കേണ്ടതെന്നും അവർക്ക് ബോധ്യമാകട്ടെ. ഒരിക്കൽക്കൂടി എല്ലാ അധ്യാപകർക്കും ഈ നല്ല ദിനത്തിന്റെ ആശംസകൾ.

### അധ്യാപക കൺവെൻഷൻ

വിശ്വാസപരിശീലന വേദിയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ കൺവെൻഷൻ സെപ്റ്റംബർ 4 (ദ്വാരക), സെപ്റ്റംബർ 28 (മണിമൂളി), ഒക്ടോബർ 2 (ദ്വാരക) എന്നീ ദിവസങ്ങളിൽ നടത്തുന്ന വിവരം ഇതിനോടകം കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. മണിമൂളി, നിലമ്പൂർ ഫൊറോനയിലെ സിസ്റ്റേഴ്സും, ഗൂഡല്ലൂർ ഭാഗത്തെ സൺഡേസ്കൂളിലുള്ള സിസ്റ്റേഴ്സും മണിമൂളിയിൽ സെപ്റ്റംബർ 28-ന് വരുക. മറ്റുള്ളവർ എഴുതി അറിയിച്ചതുപോലെ അതാത് ദിവസം എത്തുക. സമയം 9.30-4.00. കൃത്യസമയത്ത് എത്തുകയും കഴിയുമ്പോൾ മാത്രം തിരിച്ചു പോവുകയും ചെയ്യുക.

### HDC Contact Class

HDC ആദ്യവർഷക്കാരുടെ (മണിമൂളി ഭാഗത്ത് ഉള്ളവർക്ക്) ആദ്യ കോൺടാക്ട് ക്ലാസ് സെപ്റ്റംബർ 11-ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്. സമയം: 9.30 - 4.30.

### X, XI, XII ക്ലാസുകളിലെ അധ്യാപക സംഗമം

മുള്ളൻകൊല്ലി, കൽപ്പറ്റ, പയ്യംമ്പള്ളി, മാനന്തവാടി എന്നീ ഫൊറോനകളിലെ X, XI, XII ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം ഫൊറോന കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. ബഹു. ഫൊറോന ഡയറക്ടർമാർക്കും, ടീം അംഗങ്ങൾക്കും, അധ്യാപകർക്കും, ബഹു. വികാരിയച്ചന്മാർക്കും ഏറെ നന്ദി.

### മാതാപിതാക്കൾക്ക് സെമിനാർ

വലിയകൊല്ലി, വാളാട് ഇടവകകളിൽ മാതാപിതാക്കൾക്കുള്ള സെമിനാറിന് ഡയറക്ടർ ഫാ. ബെന്നി മുതിരക്കാലായിൽ നേതൃത്വം നൽകി. സെമിനാർ സംഘടിപ്പിച്ച ബഹു. ബിജു കോയിക്കാട്ടിലച്ചന് ഏറെ നന്ദി.

### പരീക്ഷാഫലം

കുട്ടികളുടെ പാദവാർഷിക പരീക്ഷയുടെ റിസൾട്ട് പരിശോധിച്ച് സ്റ്റാഫിൽ വിശദമായ ചർച്ച നടത്തി ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുമല്ലോ.

**രൂപതാ സന്ദർശനം**

ഈ വർഷത്തെ രൂപതാ സന്ദർശനം ആരംഭിച്ചു. വിശ്വാസ പരിശീലനവേദിയിൽ അധ്യാപകർക്ക് ആവശ്യമായ സഹായങ്ങൾ പരിശീലനസമയത്ത് നൽകുവാനും, മതബോധന രംഗത്തെ മറ്റു കാര്യങ്ങൾ ക്രമീകരിക്കുവാനും ഈ സന്ദർശനം അധ്യാപകർക്കും രൂപതാ കേന്ദ്രത്തിനും സഹായകമാകുന്നു. സന്ദർശനദിവസം ഏതെന്ന് കത്തുമുഖേന അറിയിക്കുന്നതാണ്.

**ആദരാഞ്ജലി**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവായിരുന്ന കുഞ്ഞേട്ടന് മതബോധന കേന്ദ്രത്തിന്റെ ആദരാഞ്ജലി അർപ്പിക്കുന്നു. കുഞ്ഞുഹൃദയങ്ങളിൽ പ്രേഷിത തീക്ഷ്ണതയും ദൈവവിശ്വാസവും വളർത്തി വചനത്തിന് സാക്ഷികളാകുവാൻ അനേകരെ സജ്ജരാക്കിയ അദ്ദേഹത്തിന്റെ ആത്മാവിന് നമുക്ക് നിത്യശാന്തി നേരാം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**ആ ദീപം പൊലിഞ്ഞു**

കുഞ്ഞേട്ടന്റെ വേർപാടിലൂടെ കത്തോലിക്കാസഭയ്ക്ക് നഷ്ടപ്പെട്ടത് "നൂറ്റാണ്ടിന്റെ അല്മായ പ്രേഷിതനെ"യാണ്. കേരളസഭയ്ക്ക് നഷ്ടപ്പെട്ടത് കേരള സഭാതാരത്തെയാണ്. സീറോമലബാർ സഭയ്ക്ക് നഷ്ടപ്പെട്ടത് ഒരു സഭാരത്നത്തെ. ഇനിയും മിഷൻലീഗിന് നഷ്ടപ്പെട്ടത് അതിന്റെ സ്ഥാപകനേതാവിനെ. കുട്ടികൾക്ക് നഷ്ടപ്പെട്ടത് ഒരു വല്യപ്പച്ചനെ. ഈ നഷ്ടങ്ങൾ ഒന്നും നഷ്ടങ്ങളല്ല, മറിച്ച് ഭാരതത്തിൽനിന്നൊരു വിശുദ്ധൻ കൂടി ജന്മം കൊള്ളുന്നതിന്റെ ഈറ്റുനോവു മാത്രം.

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപനത്തിനും വളർച്ചയ്ക്കും വേണ്ടി വിശ്രമമില്ലാതെ കേരളത്തിലങ്ങോളമിങ്ങോളം മാത്രമല്ല ഭാരതം മുഴുവനും ഓടി നടന്ന കുഞ്ഞേട്ടൻ യാത്രയായി. ഒരിക്കലും മടങ്ങി വരാത്ത മറ്റൊരു ലോകത്തിലേയ്ക്ക്.

ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു എന്ന് അന്ത്യ യാത്രയിൽ അദ്ദേഹത്തിന്റ മുഖഭാവം വിളിച്ചു പറഞ്ഞിരുന്നു. ഒരു പുരുഷായുസ് മുഴുവൻ പ്രേഷിത പ്രവർത്തനത്തിനുവേണ്ടി സമർപ്പിച്ച കർമ്മയോഗി അതാണ് കുഞ്ഞേട്ടൻ. 84 വർഷങ്ങൾ നീണ്ട പ്രേഷിതജീവിത സപര്യ. ശതാഭിഷേകത്തിന്റെ നിറവിൽ 1000 പൂർണ്ണ ചന്ദ്രന്മാരെ കണ്ടതിന്റെ ചാരിതാർത്ഥ്യത്തിൽ അദ്ദേഹം ഈ ലോകം വിട്ടുപോയി. 17 ലക്ഷത്തോളം മിഷനറിമാർക്ക് ജന്മമേകിയ പ്രേഷിതവര്യൻ വി. അൽഫോൻസാമ്മയിൽ നിന്ന് പ്രചോദനം സ്വീകരിച്ച് തുടങ്ങിവച്ച പ്രസ്ഥാനത്തെ അന്തർദേശീയതലത്തിലേയ്ക്ക് കൈപിടിച്ചുയർത്താൻ സാധിച്ച വലിയ കൊച്ചുമനുഷ്യൻ. നഗ്നപാദനായ് നടന്ന് ഭാരതത്തിലും വിദേശത്തും മിഷൻപ്രവർത്തനം നടത്തി അവസാനം നിഷ്പാദുകനായി തന്നെ സ്വർഗ്ഗത്തിലേയ്ക്ക് നടന്നുകയറിയ പ്രേഷിതാത്മാവ്. ഈ മഹത്

വ്യക്തിയുടെ മുന്നിൽ നമ്മുടെ ശിരസ്സ് നമിക്കാം. അദ്ദേഹത്തിന്റെ കാലടികളെ പിൻചെല്ലാം. കുടുംബജീവിതം നയിച്ചുകൊണ്ടുതന്നെ പ്രേഷിത പ്രവർത്തനം എങ്ങനെ നടത്താം എന്ന് അദ്ദേഹം നമുക്ക് കാണിച്ചു തന്നു. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തം വഹിച്ചുകൊണ്ട് നമുക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കാം. മിഷൻലീഗിനുവേണ്ടി പ്രാർത്ഥിക്കാൻ സ്വർഗ്ഗത്തിൽ നമുക്ക് മറ്റൊരു വ്യക്തിയെകൂടി കിട്ടിയിരിക്കുന്നു. കുഞ്ഞേട്ടന്റെ സ്നേഹസ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിച്ചുകൊണ്ട്

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

## മിഷൻലീഗ് കുഞ്ഞേട്ടൻ ഓർമ്മയായ്

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപകനേതാവ് ശ്രീ. അബ്രാഹം പല്ലാട്ടുകുന്നേൽ എന്ന കുഞ്ഞേട്ടൻ സ്വർഗ്ഗസൗഭാഗ്യത്തിനായ് വിളിക്കപ്പെട്ടു. കേരള കത്തോലിക്ക സഭയുടെ പ്രേഷിത പ്രവർത്തനരംഗത്ത് ത്യാഗനിർഭരമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ഒരു പുരുഷായുസ് മുഴുവൻ മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടി ജീവനും ജീവിതവും സമർപ്പിച്ച ആ മഹാമിഷനറി 2009 ആഗസ്റ്റ് 11 ന് ചൊവ്വാഴ്ച നിത്യസമ്മാനത്തിനായ് വിളിക്കപ്പെട്ടു.

1925 മാർച്ച് 19 ന് ഭരണങ്ങാനം ഇടവകയിലെ അമ്പാറയിലുള്ള പല്ലാട്ടുകുന്നേൽ കുടുംബത്തിൽ ഇട്ടിയവിര ചാണ്ടി മറിയം ദമ്പതികൾക്ക് പിറന്ന കുഞ്ഞേട്ടൻ ഒരു സന്യാസവൈദികൻ ആകാൻ ആഗ്രഹിച്ചുവെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ തന്റെ ആഗ്രഹം ഉപേക്ഷിക്കേണ്ടിവന്നു. 1945 നവംബർ 12 ന് മാന്നാനത്ത് പെരുമാലിൽ കൈതക്കരി കുടുംബാംഗമായ തെയ്യാമ്മയെ വിവാഹം ചെയ്തു. ഇവരുടെ ദാമ്പത്യവല്ലരിയിൽ 7 മക്കൾ പിറന്നു - (മിഷൻലീഗിന്റെ ഒരു ഗ്രൂപ്പ്). മൂന്നാണും നാല് പെണ്ണും. പെൺമക്കളിൽ 3 പേരും സെന്റ് ജോസഫ്സ് ഓഫ് ക്ലൂണി സന്യാസിനി സഭാഗംങ്ങളായി യേശുവിനായി ജീവിതം അർപ്പിക്കുന്നു.

ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതനാണെന്ന തിരിച്ചറിവും, വിശുദ്ധ അൽഫോൻസാമ്മയിൽ നിന്നും ഉൾക്കൊണ്ട ചൈതന്യവും ഒരു പ്രേഷിത സംഘടനയുടെ പ്രസക്തിയും മനസ്സിലാക്കിയാണ് 1947 ഒക്ടോബർ 3 ന് ഭരണങ്ങാനത്ത് വി. കൊച്ചുത്രേസ്യയുടെ 50-ാം ചരമവാർഷികാഘോഷത്തോടനുബന്ധിച്ച്

അൽഫോൻസാ നഗറിൽ ചെറുപുഷ്പമിഷൻലീഗ് എന്ന അത്മായ പ്രേഷിത പ്രസ്ഥാനത്തിന് രൂപം നൽകാൻ കുഞ്ഞേട്ടന് പ്രചോദന മായത്.

മിഷൻലീഗിന്റെ വളർച്ചയ്ക്കായി അഹോരാത്രം യത്നിച്ച കുഞ്ഞേട്ടൻ നഗ്നപാദനായി ഖദർ വസ്ത്രവും ധരിച്ച് ചുമലിൽ തോൾ സഞ്ചിയും തൂക്കി ശാഖകളിൽ നിന്നും ശാഖകളിലേയ്ക്ക് മനുഷ്യ മക്കളെ നേടുന്നതിനായി കർമ്മനിരതനായി. മാനന്തവാടി രൂപതയിലും മിഷൻലീഗ് സ്ഥാപിക്കുന്നതിലും അതിന്റെ വളർച്ചയിലും കുഞ്ഞേട്ടന്റെ നിസ്തുല സാന്നിദ്ധ്യമുണ്ടായിരുന്നു.

സഭയോടൊത്ത് ചിന്തിച്ച് സഭയ്ക്കുവേണ്ടി ജീവിച്ച് പ്രവർത്തിച്ച ആ മഹാപ്രേഷിത വര്യനെ വിവിധ അവാർഡുകൾ നൽകി സഭ ആദ രിച്ചു. കേരള സഭാതാരം, നൂറ്റാണ്ടിന്റെ അത്മായപ്രേഷിതൻ, കേരള സഭാരത്നം, ജോൺ പോൾ പാപ്പ പുരസ്കാരം എന്നിവ അവയിൽ ചിലതുമാത്രമാണ്. തന്റെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും പുസ്തക രചനയ്ക്ക് സമയം കണ്ടെത്തി. മിഷൻ ചക്രവാളത്തിലെ സൂര്യതേജസുകൾ, കുഞ്ഞേട്ടന്റെ കത്തുകൾ, ദൈവവിളി പ്രേഷിതൻ, മഹാമിഷനറി എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. മിഷൻലീഗിന്റെ മുഖപത്രമായ കുഞ്ഞുമിഷനറി മാസികയുടെ സ്ഥാപകനും കുഞ്ഞേട്ട നായിരുന്നു.

മറ്റുള്ളവരുമായി ഏറെ സൗഹൃദം പുലർത്തിയ കുഞ്ഞേട്ടൻ വി. അൽഫോൻസാമ്മയുടെ സന്തത സഹചരണിയായിരുന്ന ലക്ഷ്മികുട്ടി യമ്മയുടെ മൃതസംസ്കാര ചടങ്ങുകളിൽ സംബന്ധിച്ചതിനുശേഷം ആഗസ്റ്റ് 2 ന് ഞായറാഴ്ച ചങ്ങനാശ്ശേരി പാറേപ്പള്ളിയിൽ വി. ബലിയിൽ പങ്കെടുക്കുന്നതിനായി പോകുമ്പോൾ വാഹനാപകടത്തിൽ പരി ക്കേൽക്കുകയും, ആശുപത്രിയിലെ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കപ്പെട്ട ആ മഹാമിഷനറി 2009 ആഗസ്റ്റ് 11 ന് സ്വർഗ്ഗകവാടം പൂകി നിത്യസമ്മാ നാർഹനായി.

കുഞ്ഞേട്ടന്റെ വേർപാട് സഭയ്ക്ക്, സംഘടനക്ക് ഒരു തീരാനഷ്ട മാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ചെറുപുഷ്പമിഷൻലീഗ് രൂപതാ കുടുംബം നമ്രശിരസ്കരായി ആദരാഞ്ജലികൾ അർപ്പിക്കുന്നു. കുഞ്ഞേട്ടനുവേണ്ടി പ്രാർത്ഥിക്കാം... കുഞ്ഞേട്ടനോട് പ്രാർത്ഥിക്കാം. അൾത്താരയിൽ വണങ്ങപ്പെടുന്ന ഒരു വിശുദ്ധനെ കുഞ്ഞേട്ടനിലൂടെ കേരള സഭയ്ക്ക് നൽകണമേ എന്ന് നമുക്ക് ആഗ്രഹിക്കാം... പ്രാർത്ഥിക്കാം. അതിനായ് ആഗോള പ്രേഷിത മദ്ധ്യസ്ഥയായ വി.കൊച്ചു

ത്രേസ്യ അനുഗ്രഹത്തിന്റേതായ പൂമാരി സംഘടനയ്ക്ക്മേൽ വർഷിക്കണമേ എന്നും പ്രാർത്ഥിക്കാം.

ഒത്തിരി സ്നേഹത്തോടെ,

**ജോൺസൺ ചിറായിൽ**

പ്രസിഡണ്ട്

**കുഞ്ഞേട്ടന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു**

സി. എം. എൽ. സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ സംസ്കാര ശുശ്രൂഷയിൽ രൂപതയെ പ്രതിനിധീകരിച്ച് ഒട്ടേറെപ്പേർ പങ്കെടുത്തു. ഈരാറ്റുപേട്ട അടുത്തുള്ള ചെമ്മലമറ്റം പള്ളിയിൽ ഓഗസ്റ്റ് 13 -ാം തീയതിയായിരുന്നു മൃതസംസ്കാരം. മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് വലിയമറ്റം പിതാവും, ജഗദൽപൂർ രൂപതയുടെ മുൻ ബിഷപ്പ് മാർ ഡൊമിനിക് കോക്കാട്ടം, ചങ്ങനാശ്ശേരി അതിരൂപതമെത്രാൻ മാർ ജോസഫ് പെരുന്തോട്ടവും, പാലാരൂപത മുൻബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും ചേർന്നായിരുന്നു. അവരോടൊപ്പം മറ്റ് മെത്രാന്മാരും, വൈദികരും, സമർപ്പിതരും, ആയിരക്കണക്കിന് ദൈവജനവും അന്ത്യകർമ്മങ്ങൾക്ക് സാക്ഷികളായി.

**വൈദികവർഷത്തിൽ വാ. കുഞ്ഞച്ചന്റെ കബറിടം സന്ദർശിച്ചു**

മിഷൻലീഗ് മാനന്തവാടി രൂപതയുടെ വൈദികവർഷാചരണത്തിന്റെ ഭാഗമായി കേരളത്തിൽനിന്നും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തപ്പെട്ട ഇടവക വൈദികൻ വാ. തേവർപറമ്പിൽ കുഞ്ഞച്ചന്റെ രാമപുരത്തുള്ള കബറിടത്തിൽ സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

**മിഷൻമാസാചരണം**

സംഘടനശക്തികരണ വർഷമായി ആചരിക്കുന്ന ഈ വർഷത്തെ മിഷൻമാസാചരണം വിപുലമായ പരിപാടികളോടെ നടത്താൻ ശാഖാ നേതൃത്വം ശ്രദ്ധിക്കുമല്ലോ. മിഷൻമാസത്തിനുവേണ്ടി പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുമല്ലോ. മിഷൻലീഗിന്റെ പതാക എല്ലാ ഭവനങ്ങളുടെയും മുമ്പിൽ സ്ഥാപിക്കുവാൻ തക്കരീതിയിൽ ഒക്ടോബർ 1 -ാം തീയതി തന്നെ പതാക ശാഖകളിൽനിന്നും കൊടുത്തുവിടേണ്ടതാണ്. രൂപതാമാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. മിഷൻമാസാചരണം ഏറ്റവും ഭംഗിയായി നടത്തുന്ന ശാഖകൾക്ക് ട്രോഫി ഉണ്ടായിരിക്കുന്നതാണ്.

## രൂപത സാഹിത്യമത്സരത്തിന് മികച്ച പങ്കാളിത്തം

മിഷൻലീഗ് രൂപത സാഹിത്യമത്സരം ആഗസ്റ്റ് 08 ന് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ചു നടന്നു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരത്തിന് നേതൃത്വം നൽകി. കവിത, കഥ, ഉപന്യാസം, ബൈബിൾവാക്യം എന്നീ ഇനങ്ങളിൽ നടന്ന രചനാമത്സരത്തിൽ രൂപതയുടെ 12 മേഖലകളിൽ നിന്നുള്ള മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. മത്സരത്തിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന മേഖലാ ഭാരവാഹികൾക്കും, മത്സരത്തിന് മേൽനോട്ടം വഹിച്ച രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## വൈദികദിനാശംസകൾ നേർന്നു

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രുപതയിലെ എല്ലാ വൈദികർക്കും മിഷൻലീഗ് രൂപതാഘടകം ആശംസാകാർഡുകൾ അയയ്ക്കുകയും പ്രാർത്ഥനകൾ നേരുകയും ചെയ്തു.

## മിഷൻ 2009 – ശാഖാ സന്ദർശനവും സെമിനാറും

സംഘടനാവർഷത്തിൽ സംഘടനയെ കൂടുതൽ അറിയാനും പഠിക്കാനും, കർമ്മരംഗത്ത് രജതശോഭയോടെ വിരാജിക്കുവാനും മിഷൻ – 2009 ശാഖാ സെമിനാറും സന്ദർശനവും, ജൂലൈ 26 – ന് കൊട്ടിയൂർ മേഖലയിലെ ശാഖകളിലും, ഓഗസ്റ്റ് 02 ന് ഗൂഡല്ലൂർ മേഖലയിലെ ശാഖകളിലും, ഓഗസ്റ്റ് 09 – ന് മാനന്തവാടി മേഖലയിലെ വിവിധ ശാഖകളിലും നടന്നു.

## 13557 പേർ ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്തു

വചനപഠനത്തിനും വിചിന്തനത്തിനും ലോഗോസ് – 2009. ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ മാനന്തവാടി രൂപതയിൽ നടത്തുന്ന 10 –ാം അഖിലകേരള ബൈബിൾക്വിസിന് 13557 പേർ രജിസ്റ്റർ ചെയ്തു. ലോഗോസ് രൂപതാതല പരീക്ഷ 2009 ഒക്ടോബർ 11 ന് ഉച്ച കഴിഞ്ഞ് 2 pm മുതൽ 3.30 pm വരെയാണ്. മത്സരദിവസവും സമയവും നേരത്തെതന്നെ രജിസ്റ്റർ ചെയ്തവരെ അറിയിക്കുകയും അതിനായി ഒരുക്കുകയും ചെയ്യേണ്ടതാണ്. ലോഗോസ് രജിസ്ട്രേഷൻ വിജയിപ്പിച്ച ഏവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

## ദുരിതബാധിതരെ സഹായിക്കാൻ മിഷൻലീഗ് ത്യാഗപൂർവ്വം മുന്നോട്ട്

കാലവർഷക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന സഹോദരങ്ങ

ളോട് അനുഭാവം പ്രകടിപ്പിച്ച് മിഷൻലീഗ് ഓഗസ്റ്റ് 7 ന് ഉപവാസദിന മായി ആചരിക്കുകയുണ്ടായി. ഇതിൽനിന്ന് സമാഹരിക്കുന്ന തുക ദുരിത ബാധിതർക്ക് ഒരു കൈതാങ്ങായി നൽകുകയാണ്. അശരണർക്ക് ഒപ്പ മാകുവാനും, താങ്ങുംതണലും ആകുവാനും ശാഖയിൽ നിന്ന് ഊഷ്മള മായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഉപവാസദിനത്തിന്റെ ഭാഗമായി ലഭിച്ച തുക എത്രയും പെട്ടെന്ന് മിഷൻലീഗ് രൂപതാ ഓഫീ സ്സിൽ എത്തിക്കേണ്ടതാണ്.

## ദുരിതാശ്വാസസഹായനിധി തന്ന ശാഖകൾ

ദീപ്തിഗിരി – 668, ജൂഡ്സ്മൗണ്ട് – 500, കുന്നൂർ – 500, കുഞ്ഞോം – 500, പുതിയിടംകുന്ന് – 250, പേരിയ – 250, കാട്ടിക്കുളം – 1250, കബനി ഗിരി – 305, യവനാർകുളം – 240, ഏലപ്പീടിക – 750, കരണി – 70, പാതി രിപ്പാടം – 261, തലപ്പുഴ – 350, പഴൂർ – 476, പാടിച്ചിറ – 410, ചുള്ളിയോട് – 300, എടയൂർക്കുന്ന് – 150, കമ്മന – 350, മരകാവ് – 870, മുതിരേരി – 687, അരിഞ്ചേർമല – 800, പുൽപ്പള്ളി – 1060, കുറ്റിമൂല – 500, വിളമ്പു കണ്ടം – 200, കാരയ്ക്കാമല – 264, കോട്ടത്തറ – 600, പോരൂർ – 1000.

## സംസ്ഥാന സാഹിത്യമത്സരം - സെപ്റ്റംബർ 21-ന്

മിഷൻലീഗ് സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21-ന് തിങ്കളാഴ്ച 10 a.m. മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കും. രൂപതാ സാഹിത്യമത്സരത്തിൽ വിജയിച്ച് സംസ്ഥാന സാഹിത്യ മത്സരത്തിന് അർഹത നേടിയവർ ഇതിൽ പങ്കെടുക്കേണ്ടതാണ്. ശാഖാ – മേഖലാ ഭാരവാഹികൾ ഇവർക്കാവശ്യമായ പരിശീലനം നൽകി പറഞ്ഞുവിടാൻ ശ്രദ്ധിക്കേണ്ടതാണ്. പങ്കെടുക്കുന്നവർ സെപ്റ്റംബർ 20–ന് ഞായറാഴ്ച 6 p.m. ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.

## സാഹിത്യ ശില്പശാല - സെപ്റ്റംബർ 20-ന് 6 p.m.

സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്കായുള്ള സാഹിത്യശില്പശാല സെപ്റ്റംബർ 20 ന് ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ ദ്വാരകപാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. സംസ്ഥാനസാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർ ഈ ദിവസം തന്നെ എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ.

## മതാദ്ധ്യാപകദിനം - സെപ്റ്റംബർ 13-ന്

മതാദ്ധ്യാപകദിനമായ സെപ്റ്റംബർ 13 ന് ഇടവകയിലെ അദ്ധ്യാ പകരെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്യേണ്ടതാണ്.

## സംഭാവനകൂപ്പൺ രൂപതയിൽ എത്തിക്കേണ്ട അവസാനദിനം - സെപ്റ്റംബർ 26-ന്

സംഭാവനകൂപ്പൺ നറുക്കെടുപ്പ് ഒക്ടോബർ 2 ന് വെള്ളിയാഴ്ച 6 pm ന് രൂപതാ ഓഫീസിൽ വച്ചു നടക്കുന്നതാണ്. സംഭാവനകൂപ്പണിന്റെ കൗണ്ടർഫോയിലും തുകയും സെപ്റ്റംബർ 26 ന് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## മേഖലാ വാർത്തകൾ

*പയ്യമ്പള്ളി* - ശുചിത്വം 2009 - 2009 ജൂലൈ 12 മുതൽ 19 വരെ മേഖലയിൽ ശുചിത്വവാരാചരണം നടത്തുകയും ശാഖകളിൽ ബോധവത്കരണ നോട്ടീസ് നൽകുകയും ചെയ്തു. ഏറ്റവും നന്നായി ശുചിത്വവാരാചരണം നടത്തുന്ന ശാഖയ്ക്ക് സമ്മാനം നൽകും. പടമല വി. അൽഫോൻസാ പള്ളിയിൽ തീർത്ഥാടനം നടത്തി.

*കല്ലോടി* - സാഹിത്യശില്പശാല നടത്തി. മേഖലയിലെ എല്ലാ വൈദീകർക്കും വിയാനി പുണ്യവാന്റെ തിരുനാളിനോടനുബന്ധിച്ച് ആശംസാ കാർഡുകൾ അയച്ചു.

*ഗൂഡല്ലൂർ* - മേഖലാ വിസിറ്റ് നടത്തി.

*മാനന്തവാടി* - പൗരോഹിത്യ വർഷത്തോടനുബന്ധിച്ച് ശാഖാ ഡയറക്ടേഴ്സിന് ആശംസകളർപ്പിച്ചു.

## ശാഖാ വാർത്തകൾ

*കുന്നൂർ* - സെമിനാരി സന്ദർശനം നടത്തി, പള്ളിപരിസരം വൃത്തിയാക്കി.

*ധർമ്മഗിരി* - ബൈബിൾ വാക്യമത്സരം നടത്തി, ഭവനസന്ദർശനം നടത്തി.

*അരുൾനിലയം* - വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

*കയ്യൂന്നി* - അർദ്ധദിനസെമിനാർ നടത്തി, റവ. ഫാ. മനോജ് കറുത്തേടം, സി. ഡോണ SH നേതൃത്വം നൽകി.

*കുന്നലാടി* - വചനകൂടാരം നിർമ്മിച്ചു.

*മൺവയൽ* - രോഗിസന്ദർശനം നടത്തി.

*എടയൂർക്കുന്ന്* - പള്ളിപരിസരം വൃത്തിയാക്കി, രോഗിസന്ദർശനം നടത്തി.

*കമ്മന* - ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു.

*അപ്പപ്പാറ* - ഭവനസന്ദർശനം നടത്തി, പള്ളിപരിസരം വൃത്തിയാക്കി, കരുണാഭവൻ (കാട്ടിക്കുളം) സന്ദർശിച്ചു.

*പനഞ്ചിറ* – നിർദ്ദനകുട്ടികൾക്ക് പഠനസഹായം നൽകി.
*ബെക്കി* – ഭവനസന്ദർശനം, സിമിത്തേരി സന്ദർശനം നടത്തി.
*പന്തിപോയിൽ* – കുട്ടികൾക്ക് കർമ്മല ഉത്തരീയം നൽകി, ഭവന സന്ദർശനം നടത്തി.
*മഞ്ഞൂറ* – ഭവനസന്ദർശനം നടത്തി, പള്ളിപരിസരം വൃത്തിയാക്കി.
*മംഗളം* – ആരാധന നടത്തി.
*പുതുശ്ശേരിക്കടവ്* – മാധ്യമങ്ങളെക്കുറിച്ച് റവ. ഫാ. ജെയ്സ് ചെട്ടിയാ ശ്ശേരി ക്ലാസുകൾ നയിച്ചു. കുട്ടികൾക്ക് കർമ്മല ഉത്തരീയം നൽകി
*ജൂഡ്സ്മൗണ്ട്* – പൗരോഹിത്യവർഷത്തോടനുബന്ധിച്ച് മുൻവികാരി മാർക്ക് കാർഡുകൾ അയച്ചു.
*ദീപ്തിഗിരി* – സിമിത്തേരി സന്ദർശനം നടത്തി.
*ദ്വാരക* – സ്കിറ്റ് മത്സരം നടത്തി, പ്രസംഗപരിശീലനം നടത്തി.
*വെള്ളമുണ്ട* – ക്വിസ്സ് മത്സരം നടത്തി, സിമിത്തേരി സന്ദർശനം നടത്തി.
*കുഞ്ഞോം* – നിരവിൽപ്പുഴ കപ്പേളനിർമ്മാണത്തിന് അംഗങ്ങൾ ശ്രമ ദാനം നടത്തി, ഭവന സന്ദർശനം നടത്തി.
*വഞ്ഞോട്* – കുട്ടികൾക്ക് സാഹിത്യമത്സര പരിശീലനം നടത്തി, സിമി ത്തേരി സന്ദർശനം നടത്തി.
*കല്ലോടി* – പള്ളിപരിസരം വൃത്തിയാക്കി, സാഹിത്യമത്സരങ്ങൾ നടത്തി.
*തോമാട്ടുചാൽ* – ബൈബിൾ ക്വിസ് നടത്തി.
*പഴൂർ* – രോഗിസഹായം നൽകി. 'അൽഫോൻസാമ്മയും മിഷൻലീഗും' എന്ന വിഷയത്തെ ആസ്പദമാക്കി പഴശിരാജാ കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. ബേബി തോണിക്കുഴിയിൽ ക്ലാസുകൾ നയിച്ചു.
*മീനങ്ങാടി* – വി. തോമാശ്ലീഹായുടെ ചിത്രം വഹിച്ചുകൊണ്ട് പ്രേഷിത റാലി നടത്തി. വി. പൗലോസ് ശ്ലീഹായെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തി, രോഗിസഹായം നൽകി.
*പട്ടാണികൂപ്പ്* – സെമിനാർ നടത്തി.
*കരണി* – അൾത്താരബാലസംഗമം നടത്തി.
*അമ്പലവയൽ* – ഭവനസന്ദർശനം നടത്തി, വിദ്യാഭ്യാസ സഹായം നൽകി, ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ച് അരി, വസ്ത്രം, സോപ്പ് എന്നിവ നൽകി.
*ഇടിവണ്ണ* – 'പൗരോഹിത്യം ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി.
*എടപ്പെട്ടി* – സെന്റ് തോമസ് ഡേ ആഘോഷിച്ചു.
*നെടുമ്പാല* – വചനകൂടാരം നിർമ്മിച്ചു, അൾത്താരബാലസംഗമം നടത്തി, വർക്ക് ക്യാമ്പ് നടത്തി.

*ചുള്ളിയാന* – സമരിറ്റൻ ഭവൻ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

*പാലാങ്കര* – പ്രേഷിതറാലി നടത്തി. വി. അൽഫോൻസാമ്മയുടെ ജീവ ചരിത്രക്വിസ് നടത്തി.

*പോരൂർ* – എയ്ഞ്ചൽമീറ്റ് നടത്തി, പിടിയരി ശേഖരിച്ച് ഗവ. ആശുപ ത്രിയിൽ നൽകി.

*പുതിയിടം* – വി. തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു.

*പ്രശാന്തഗിരി* – ഗവ. ആശുപത്രി സന്ദർശിക്കുകയും ഭക്ഷണം കൊടു ക്കുകയും ചെയ്തു.

*ആലാറ്റിൽ* – വി. തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു.

*യവനാർകുളം* – രോഗിസന്ദർശനം നടത്തി.

*ഏലപ്പീടിക* – വചനകൂടാരം നിർമ്മിച്ചു. രോഗിസന്ദർശനം നടത്തി.

*വിളമ്പുകണ്ടം* – അർദ്ധദിന സെമിനാർ നടത്തി. ഫാ. ജോഷി പുൽപ്പ യിൽ നേതൃത്വം നൽകി.

*നടവയൽ* – സീനിയേഴ്സ് സംഗമം നടത്തി. സി. എം. എൽ. സ്റ്റാളിന്റെ ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പാലക്കിൽ നിർവ്വ ഹിച്ചു.

*അരിഞ്ചേർമല* – ബാന്റ് സെറ്റ് അരങ്ങേറി, സാഹിത്യമത്സരം നടത്തി.

*ചെറുകാട്ടൂർ* – ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്ക് അരി, നോട്ടുബുക്ക് വിതരണം ചെയ്തു.

*കല്ലുവയൽ* – വൈദികർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*വാളവയൽ* – രോഗിസന്ദർശനം നടത്തി, നിർദ്ദനരായ കുട്ടികൾക്ക് യൂണിഫോം നൽകി.

*ചുണ്ടക്കര* – ഭവനസന്ദർശനം നടത്തി.

*കാട്ടിക്കുളം* – ഡിബേറ്റ്, കൊളാഷ് എന്നിവ നടത്തി, അർദ്ധദിന സെമി നാർ നടത്തി. ഫാ. ഡൊമിനിക് വളകൊടിയിൽ നേതൃത്വം നൽകി.

*പനവല്ലി* – ഭവനസന്ദർശനം നടത്തി, അർദ്ധദിന സെമിനാർ നടത്തി. ഫാ. ബിജു തൊണ്ടിപറമ്പിൽ നേതൃത്വം നൽകി.

*പടമല* – വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു. ശുചിത്വ ത്തെക്കുറിച്ച് സി. മേരി ജോൺ S. K. D ക്ലാസുകൾ നയിച്ചു.

*മാർട്ടിൻനഗർ* – ഭവനസന്ദർശനം നടത്തി, ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ചു. സമരിറ്റൻ ഭവൻ സന്ദർശിച്ചു.

*അമ്പായത്തോട്* – രോഗീസന്ദർശനം നടത്തി, ഫണ്ട് ശേഖരണാർത്ഥം വാഴകൃഷി ആരംഭിച്ചു.

*കൊട്ടിയൂർ* – വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

*പാൽച്ചുരം* – രോഗീസന്ദർശനം നടത്തി, വെയിറ്റിംഗ് ഷെഡ് പുനർ നിർമ്മിച്ചു.

*സീതാമൗണ്ട്* – വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

*മുള്ളൻകൊല്ലി* – രോഗീസന്ദർശനം നടത്തി.

*മരക്കടവ്* – ഭവനസന്ദർശനം നടത്തി. അരിശേഖരണം നടത്തി.

*പുൽപ്പള്ളി* – ആരാധന നടത്തി, വി. തോമാശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു.

*കോട്ടത്തറ* – രോഗീസന്ദർശനം, ഭവനസന്ദർശനം നടത്തി.

## കാണിക്ക തന്നശാഖകൾ

വാഴവറ്റ – 200, മുതിരേരി – 250, പാലാങ്കര – 500, പുതിയിടംകന്ന്–55, പുഴമുടി – 100, പുതിയിടം – 50, അരിഞ്ചേർമല – 100, വാളാട് – 50, നരിവാലമുണ്ട – 76, പൂളപ്പാടം – 150, വടക്കനാട് – 50, ടൗൺചർച്ച് – (M) – 100

## സെപ്റ്റംബർ മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും

*01 ചൊവ്വ :–* എട്ടുനോമ്പാരംഭം.

*02 ബുധൻ :–* 'എവുക്കരിസ്ത്യ' കല്പ്പറ്റ മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

*05 ശനി :–* വാ. മദർതെരേസ ചരമവാർഷികം.

*06 ഞായർ :–* "മിഷൻ – 2009" – മണിമൂളി മേഖലയിലെ ശാഖകളിൽ സന്ദർശനവും സെമിനാറും

*08 ചൊവ്വ :–* മാതാവിന്റെ പിറവിതിരുനാൾ 'മാതൃദിനം' – ഇടവകയിലെ അമ്മമാരെ ആദരിക്കൽ

*09 ബുധൻ :–* റവ. ഫാ. ജോസഫ് മാലിപറമ്പിൽ അനുസ്മരണദിനം (സി. എം. എൽ. സ്ഥാപക ഡയറക്ടർ)

*10 വ്യാഴം :–* 'വയലേലകളിലൂടെ' – മിഷൻഗ്രാമ സന്ദർശനം – രൂപതാ എക്സിക്യൂട്ടീവ്.

*13 ഞായർ :–* മതാധ്യാപകദിനം. അധ്യാപകരെ ആദരിക്കുക – ആശംസകൾ നേരുക.

*14 തിങ്കൾ :–* എവുക്കരിസ്ത്യ – നടവയൽ മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു., വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ.

*20 ഞായർ :–* 'മിഷൻ – 2009' – കല്ലോടി മേഖലയിലെ ശാഖകളിൽ സന്ദർശനവും സെമിനാറും.

സാഹിത്യശില്പശാല - 6 pm ദ്വാരക, സംസ്ഥാന സാഹിത്യമത്സരത്തിന് അർഹത നേടിയവർക്കായി.

*21 തിങ്കൾ :-* സംസ്ഥാന സാഹിത്യമത്സരം. സ്ഥലം : ദ്വാരക പാസ്റ്ററൽ സെന്റർ, സമയം : 10 am., രൂപത കലാമത്സര ലിസ്റ്റ് രൂപതയിൽ എത്തിക്കേണ്ട അവസാനദിനം.

*22 ചൊവ്വ :-* റവ. ഫാ. അബ്രാഹം ഈറ്റക്കക്കുന്നേൽ ചരമദിനം (സി.എം.എൽ. മുൻ സംസ്ഥാന ഡയറക്ടർ).

*25 വെള്ളി :-* 'എവുക്കരിസ്ത്യ' - ഗൂഡല്ലൂർ മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

*26 ശനി :-* സംഭാവനകൂപ്പൺ രൂപതയിൽ എത്തിക്കേണ്ട അവസാനദിനം.

*27 ഞായർ :-* മിഷൻ 2009 - കല്ലോടി മേഖലയിലെ ശാഖകളിൽ സന്ദർശനും സെമിനാറും.

***ഒക്ടോബർ - മിഷൻ മാസം***

*01 വ്യാഴം :-* വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, പൊതുദിവ്യകാരുണ്യ സ്വീകരണം, പതാക ഉയർത്തൽ, പതാകവന്ദനം, വചനകൂടാര നിർമ്മാണം - ശാഖകളിൽ

*03 ശനി :-* ചെറുപുഷ്പ മിഷൻലീഗ് 62 -ാം സ്ഥാപകദിനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, പതാകവന്ദനം.

*04 ഞായർ :-* അംഗത്വസ്വീകരണം, നവീകരണം.

*ഇതരപ്രവർത്തനങ്ങൾ :-* മിഷൻഗ്രാമത്തിലേക്ക് പ്രാർത്ഥനാമഞ്ജരി, ഭവനസന്ദർശനം, മിഷൻമാസ പരിപാടികൾ ആസൂത്രണം.

*ചിന്താവിഷയം :-* 'മദർതെരേസ പ്രേഷിതപ്രവർത്തനത്തിന്റെ ജീവിത സാക്ഷ്യം'.

*പ്രാർത്ഥനാ നിയോഗം :-* മിഷൻലീഗിന്റെ പ്രവർത്തന വിജയത്തിനുവേണ്ടി.

*സുകൃതജപം :-* വാ. മദർതെരേസാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

പുത്തൻ ഉണർവ്വിന്റേയും ഉന്മേഷത്തിന്റേയും ഓളങ്ങൾ അല തല്ലിക്കൊണ്ട് യുവത ഒരു ശക്തിസ്രോതസ്സായി സമൂഹത്തിന്റെ നന്മയെ ലക്ഷ്യം വയ്ക്കുന്നതിൽ ഒത്തിരിയേറെ വിജയിച്ചിരിക്കുന്നു. നൂതനമായ കാഴ്ചപ്പാടുകളും പ്രവർത്തനമേഖലകളും പ്രസ്ഥാനത്തിന് കരുത്ത് നൽകി. സാമൂഹ്യ സേവന രംഗങ്ങളിൽ തിളക്കമാർന്ന പ്രവർത്തന ങ്ങൾക്ക് നേതൃത്വം വഹിക്കുന്ന നിങ്ങൾക്ക് അഭിനന്ദനങ്ങൾ... വീണ്ടും ഒരിക്കൽക്കൂടി പൊന്നോണം വരവായി... സമൃദ്ധിയുടെയും സാഹോദ ര്യത്തിന്റേയും ചിന്തകൾ നൽകിക്കൊണ്ട് പങ്ക് വയ്ക്കുന്ന മനസ്സുമായി ഈ ആഘോഷവേളകൾ ധന്യമാക്കാം.

സഹചലനത്തിലൂടെ യൂണിറ്റുകൾ സന്ദർശിക്കുകയും, യൂണി റ്റിലെ യുവജനങ്ങളുമായി ഇടപഴകുകയും ചെയ്തുകൊണ്ട് സംഘടന യുടെ ശാക്തീകരണം ഭംഗിയായി നടക്കുന്നു. നേതൃത്വം വഹിക്കുന്ന ഭാരവാഹികളെയും, യൂണിറ്റ്, മേഖലാ, രൂപതാ നേതൃത്വത്തെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം, മത്സരങ്ങളുടെ നാളുകളിലേക്ക് പ്രവേശിക്കുന്നു. കൂടുതൽ ഉർജ്ജസ്വലതയോടെ, യൂണിറ്റുകളിൽ കൂട്ടാ യ്മകൾ ശക്തിപ്പെടുത്തിക്കൊണ്ട് ആദർശ ധീരതയോടെ, മൂല്യാധിഷ്ഠി തമായ സമൂഹത്തിന്റെ ശില്പികൾ ഞങ്ങൾതന്നെ എന്ന് ഉറക്കെ പ്രഘോഷിച്ചുകൊണ്ട് വിജയത്തിന്റെ സോപാനങ്ങൾ കീഴടക്കാൻ സാധി ക്കട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ഓണാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

**സംസ്ഥാന വനിതാസംഗമം - ചാലക്കുടി**

കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ ചാലക്കുടി SH കോളേജിൽ വച്ച് ജൂലൈ 24, 25, 26 തീയതികളിലായി നടന്ന സംസ്ഥാന

വനിതാ സംഗമം 'പ്രചോദിനി-09' ൽ മാനന്തവാടി രൂപതയിൽ നിന്നും 7 വനിതകൾ പങ്കെടുത്തു. രൂപത ആനിമേറ്റർ സിസ്റ്റർ ജെസ്‌ലീമ SD, ലിജി കളരിക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് രൂപതയിൽ നിന്നും വനിതാ സംഗമത്തിന് പങ്കാളികളായത്. ICYM വൈസ് പ്രസിഡണ്ട് കുമാരി അതാഷ ഡിസൂസ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ദശലക്ഷ രക്തദാന ദേശീയ സേന രൂപീകരണത്തിന്റെ ഭാഗമായി രക്തദാന ക്യാമ്പും ഇതിന്റെ ഭാഗമായി നടന്നു. ശ്രദ്ധേയമായ രീതിയിൽ വനിതാ സംഗമം സംഘടിപ്പിച്ച സംസ്ഥാന സമിതിക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

## Resource Person's Team Training

'സഹചലനം - 09' രൂപതാസമിതിയുടെ യൂണിറ്റ് വിസിറ്റിന്റെ ഭാഗമായി Resource Team അംഗങ്ങൾക്ക് 26-07-09 ന് ഒരു ട്രെയിനിംഗ് പ്രോഗ്രാം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ് നയിച്ചു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

ജൂലൈ 31, ഓഗസ്റ്റ് 1, 2 തീയതികളിൽ മൂവാറ്റുപുഴ ജീവജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ രൂപതയിൽ നിന്നും ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. ജെസ്‌ലീമ എസ്.ഡി., അനീഷ് ഓമക്കര, ബിജു മാത്യു അരീക്കാട്ട്, ബിനോയി പാനികുളം എന്നിവർ പങ്കെടുത്തു.

## ആനിമ - 09

നിലമ്പൂർ, മണിമൂളി മേഖലകളിലെ ആനിമേറ്റേഴ്സിനുവേണ്ടി മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് ഓഗസ്റ്റ് 8-ന് നടന്ന 'ആനിമ-09' സംഗമത്തിൽ 10 ആനിമേറ്റർമാർ പങ്കുചേർന്നു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. ജെസ്‌ലീമ എസ്.ഡി., എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. മാത്യു മലയിൽ, മണിമൂളി മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## 'സഹചലനം' - യൂണിറ്റ് സന്ദർശനം

2009 കെ.സി.വൈ.എം. സംഘടനാ ശാക്തീകരണ വർഷത്തോടനുബന്ധിച്ച് രൂപതയിലെ മുഴുവൻ യൂണിറ്റുകളും സന്ദർശിക്കുവാൻ രൂപതാ സമിതി തീരുമാനിക്കുകയും ഓഗസ്റ്റ് 2-ന് നടവയൽ മേഖലയിൽ ഇതിന് തുടക്കം കുറിക്കുകയും ചെയ്തു. മുക്കാൽ മണിക്കൂർ യുവജനങ്ങൾക്ക് വേണ്ടി ക്ലാസ് നയിക്കുകയും യൂണിറ്റിലെ റിക്കോർഡു

കൾ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു കൊണ്ട് യൂണിറ്റ് ശാക്തീകരണം നടക്കുന്നു. യൂണിറ്റ് സന്ദർശനവു മായി സഹകരിച്ച എല്ലാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്കും യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. വിസിറ്റ് നടത്തിയ സ്ഥലങ്ങളും വ്യക്തികളും ചുവടെ ചേർക്കുന്നു.

**നടവയൽ മേഖല (ഓഗസ്റ്റ് 2)** :- ചുണ്ടക്കര - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, അരിഞ്ചേർമല - ബെന്നി പച്ചിക്കൽ, ചെറുകാട്ടൂർ - ഷംജിത്ത് ചേലയ്ക്കൽ, കല്ലുവയൽ - മാത്യു തറയിൽ, കണിയാമ്പറ്റ - കുമാരി ലിജി കളരിക്കൽ, വിളമ്പുകണ്ടം - സന്തോഷ് ഞാറക്കുളം, നടവയൽ - ബെന്നി വെട്ടിക്കൽ, പറളിക്കുന്ന് - സി. ജെസ്ന എസ്.എ. ബി.എസ്., കേണിച്ചിറ - സജിൻ ജോസ് ചാലിൽ, വാളവയൽ - സജിൻ ജോസ് ചാലിൽ.

**തരിയോട് മേഖല (ഓഗസ്റ്റ് 9)** :- തരിയോട് - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, കുറുമ്പാല - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ചെന്ന ലോട് - സി. ജെസ്‌ലീമ എസ്.ഡി., മഞ്ഞൂറ - സജിൻ ജോസ് ചാലിൽ, നെയ്ക്കുപ്പ - മാത്യു തറയിൽ, കോട്ടത്തറ - ഷംജീത്ത് ചേലയ്ക്കൽ, കുറുമണി - സന്തോഷ് ഞാറക്കുളം

**പയ്യമ്പള്ളി മേഖല (ഓഗസ്റ്റ് 16)** :- പടമല - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, പയ്യമ്പള്ളി - മാത്യു തറയിൽ, തൃശ്ശിലേരി - സജിൻ ജോസ് ചാലിൽ, പനവല്ലി - ഷംജിത്ത് ചേലയ്ക്കൽ, ആറാട്ടുതറ - സന്തോഷ് ഞാറക്കുളം, ജെസ്സോയ് മൂങ്ങനാനിയിൽ, കമ്മന - കുമാരി ലിജി കളരിക്കൽ.

**കൽപ്പറ്റ മേഖല (ഓഗസ്റ്റ് 23)** :- ഒലിവുമല - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ചാരിറ്റി - റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റിപ്പൺ - സി. ജെസ്‌ലീമ എസ്.ഡി., തെനേരി - അനീഷ് ഓമക്കര, വൈത്തിരി - കുമാരി ലിജി കളരിക്കൽ, കൽപ്പറ്റ - സജിൻ ജോസ് ചാലിൽ, നെടു മ്പാല - ഷംജിത്ത്ചേലയ്ക്കൽ, വാഴവറ്റ - ബിനോയ് പാനികുളം, എട പ്പെട്ടി - സന്തോഷ് ഞാറക്കുളം, ജെസ്സോയ് മൂങ്ങനാനിയിൽ

### സെപ്റ്റംബർ മാസത്തിലെ യൂണിറ്റ് സന്ദർശനങ്ങൾ

സെപ്റ്റംബർ 6 - പുൽപ്പള്ളി മേഖല, 13 - ബത്തേരി മേഖല, 20 - കൊട്ടിയൂർ മേഖല, 27- ഗൂഡല്ലൂർ മേഖല,

മേഖലാ യൂണിറ്റ് ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യു മല്ലോ.

## സംസ്ഥാന ക്യാമ്പ് - കോർഡിനേറ്റർ കമ്മിറ്റി - പയ്യമ്പള്ളി

സെപ്റ്റംബർ 11, 12, 13 തീയതികളിൽ പയ്യമ്പള്ളിയിൽ വച്ച് നടത്തപ്പെടുന്ന സംസ്ഥാന സമിതി നയിക്കുന്ന രൂപതാ ക്യാമ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും, ക്യാമ്പിന്റെ വിജയത്തിനുവേണ്ട വിവിധ കമ്മിറ്റികളെ തെരഞ്ഞെടുക്കുന്നതിനുമായി ഓഗസ്റ്റ് 9-ാം തീയതി പയ്യമ്പള്ളി പള്ളിയിൽവച്ച് യോഗം ചേർന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. ജെസ്‌ലീമ എസ്.ഡി., ഫൊറോന വികാരി റവ. ഫാ. ജോസ് മുണ്ടയ്ക്കൽ, രൂപത ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ, മേഖലാ ഡയറക്ടർ റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, മേഖലാ പ്രസിഡണ്ട് റൺസോ ആര്യപ്പള്ളി, യൂണിറ്റ് പ്രസി. ജോബി നെല്ലിക്കുന്നേൽ എന്നിവർ സംസാരിച്ചു.

'രാഷ്ട്രദർശൻ - 09' ക്യാമ്പിന്റെ വിജയത്തിനായി രക്ഷാധികാരി റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ചെയർമാൻ റവ.ഫാ. ജോസ് മുണ്ടയ്ക്കൽ, വൈസ് ചെയർമാൻ റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, ജനറൽ കൺവീനർ സജിൻ ജോസ് ചാലിൽ എന്നിവരെയും വിവിധ കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനു വേണ്ട ക്രമീകരണങ്ങൾ പയ്യമ്പള്ളി യൂണിറ്റ്, മേഖല എന്നിവ സംയുക്തമായി നടത്തിവരുന്നു. പയ്യമ്പള്ളി മേഖലയിലെ വിവിധ യൂണിറ്റ് ആനിമേറ്റർമാർ, രൂപതാ ഭാരവാഹികളായ സന്തോഷ് ഞാറക്കുളം, ജെസോയ് മൂങ്ങനാനിയിൽ, നീന വടക്കേൽ മേഖലാ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. വേണ്ട ക്രമീകരണങ്ങൾ നടത്തിയ പയ്യമ്പള്ളി യൂണിറ്റിന് ഏറെ നന്ദിയർപ്പിക്കുന്നു.

## രാഷ്ട്ര ദർശൻ ക്യാമ്പ്

സെപ്റ്റംബർ 11, 12, 13 തീയതികളിൽ പയ്യമ്പള്ളിയിൽ വച്ച് നടക്കുന്ന രൂപതാ ക്യാമ്പിലേയ്ക്ക് ഒരു യൂണിറ്റിൽ നിന്ന് രണ്ട് പേർ എന്ന വിധത്തിൽ ആളുകളെ പങ്കെടുപ്പിക്കണം. ഒരാൾക്ക് രജി. ഫീസ് 75 രൂപ. വെള്ളിയാഴ്ച വൈകിട്ട് 5-ന് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് തീരുന്നതായിരിക്കും. പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ സെപ്റ്റംബർ 6-ന് മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കണം. ക്യാമ്പിലേയ്ക്ക് യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ, മേഖലാ, യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## 'റേഡിയോ മാറ്റൊലി'യിലൂടെ ഓഗസ്റ്റ് 15 - സ്വാതന്ത്ര്യദിനാഘോഷം

മാതൃരാജ്യത്തിന്റെ 63-ാം സ്വാതന്ത്ര്യദിനം ആദരപൂർവ്വം അഭിമാനാർഹമായ പരിപാടികളോടെ ആഘോഷിച്ചു. കെ.സി.വൈ.എം. മാന

ന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം സ്വാതന്ത്ര്യദിന സന്ദേശം നൽകി. HIV, AIDS - നെക്കുറിച്ച് രൂപതാ ആനിമേറ്റർ സിസ്റ്റർ ജെസ്‌ലീമ എസ്.ഡി. യുമായി രൂപതാ വൈസ് പ്രസിഡണ്ട് ലിജി കളരിക്കൽ നടത്തിയ അഭിമുഖം, റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴിയുടെ നേതൃത്വത്തിൽ പയ്യമ്പള്ളിയൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച ദേശഭക്തിഗാനം എന്നിവ പ്രക്ഷേപണം ചെയ്തു.

**സ്വാതന്ത്ര്യദിനാഘോഷവും വീരജവാൻ അനുസ്മരണവും- ഓഗസ്റ്റ് 15 - അമ്പായത്തോട്**

കെ.സി.വൈ.എം. കൊട്ടിയൂർ മേഖലയുടെ നേതൃത്വത്തിൽ ഭാരത നാടിനായി കാശ്മീരിൽ വച്ച് വീരമൃത്യു വരിച്ച വീര ജവാൻ ശ്രീ. അജേഷ് മുണ്ടുചിറയ്ക്കലിന് നൂറുകണക്കിന് യുവജനങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചു. അമ്പായത്തോട് ടൗണിലേക്ക് വീരജവാന് അഭിവാദ്യങ്ങളർപ്പിച്ച് പ്രയാണം നടത്തി. തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനം രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീ. ജിജോ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. ജോസ് കുളിരാനി സ്വാഗതവും, ശ്രീ. ടോമി വാദ്യാട്ട് വീരജവാനെക്കുറിച്ച് അനുസ്മരണവും, മേഖലാ ഡയറക്ർ റവ. ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ ആശംസയും നൽകി. യുവജനറാലിയും, സമ്മേളനവും ഭംഗിയാക്കാൻ പരിശ്രമിച്ച യൂണിറ്റ് ഡയറക്ടർ, റവ. ഫാ. ജോസ് കുളിരാനി, മേഖലാ ഡയറക്ടേഴ്സ് റവ. ഫാ. ഡെന്നീസ് പൂവത്തിങ്കൽ, റവ. ഫാ. മനോജ് കാക്കോനാൽ, റവ. ഫാ. സിജോ പാലാത്ത്, യൂണിറ്റ് മേഖലാ ഭാരവാഹികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി അർപ്പിക്കുന്നു.

**സ്നേഹജാലകം - മതമൈത്രി സംഗമം ; തരുവണയിൽ**

ഓഗസ്റ്റ് 15 - സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് തരുവണയിൽ നടന്ന മുസ്ലീംസഹോദരങ്ങളുടെ മതമൈത്രി സംഗമത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം മതതീവ്രവാദത്തിനെതിരെ സമൂഹമനഃസാക്ഷി ഉണരട്ടെ എന്ന ചിന്തനൽകി സംസാരിച്ചു. സമൂഹത്തിന്റെ കാവലാളായി യുവജനത വളരണമെന്നും, തീവ്രവാദത്തിന്റെ വേരുകൾ ഭാരതമണ്ണിൽ നിന്നും തുടച്ച് നീക്കണമെന്നും സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടു.

**രൂപതാ സാഹിത്യ മത്സരം - സെപ്റ്റംബർ 21**

PEARL -09 സാഹിത്യ മത്സരം - കഥ, ഉപന്യാസം, നോട്ടീസ്, മുദ്രാവാക്യം, കാർട്ടൂൺ, കൊളാഷ്, പോസ്റ്റർ എന്നിവ അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു.

## PEARL -09 രൂപതാ കലാമത്സരം - ഒക്ടോബർ 2-ന്

രൂപതാ കലാമത്സരം ഒക്ടോബർ 2-ന് രാവിലെ 9 മണിമുതൽ മാനന്തവാടി ന്യൂമാൻസ് കോളേജിൽവച്ച് നടത്തപ്പെടുന്നു. മത്സരങ്ങളെ സംബന്ധിച്ചുള്ള സർക്കുലർ ഓരോ യൂണിറ്റിലേക്കും രൂപതയിൽനിന്ന് അയച്ചിട്ടുണ്ട്.

**അഭിനന്ദനങ്ങൾ**

നിലമ്പൂർ മേഖലയുടെ ഡയറക്ടറായി റവ.ഫാ. ഷാജി മൂത്തേടം നിയമിതനായി. ആഗസ്റ്റ് 8 ശനിയാഴ്ച കൂടിയ മേഖലാ സെനറ്റിൽ വച്ച് ഔദ്യോഗികമായി സ്ഥാനം ഏറ്റെടുത്ത ഷാജിയച്ചന് കെ.സി.വൈ.എം. കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## യൂണിറ്റ് വാർത്തകൾ - ബത്തേരി

യുവജനദിനം - ജൂലൈ 5: ലോകയുവജന ദിനാഘോഷത്തോടനുബന്ധിച്ച് ബത്തേരി അസംപ്ഷൻ കെ.സി.വൈ.എം. യൂണിറ്റ് "സഭ രാഷ്ട്രീയത്തിൽ ഇടപെടണമോ, വേണ്ടയോ?" എന്ന വിഷയത്തെ ആസ്പദമാക്കി ഡിബൈറ്റ് മത്സരം നടത്തി. മേഖലയിലെ '6' യൂണിറ്റുകൾ പങ്കെടുത്ത ഡിബൈറ്റിൽ അമ്പലവയൽ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ദുരിതാശ്വാസക്യാമ്പ് സന്ദർശനം: കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിച്ചിരിക്കുന്ന ചിത്രഗിരി ദുരിതാശ്വാസ ക്യാമ്പ്, ബത്തേരി അസംപ്ഷൻ കെ.സി.വൈ.എം. യൂണിറ്റ് ഭാരവാഹികൾ സന്ദർശിക്കുകയും ദുരിതമനുഭവിക്കുന്നവരുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു.

**പ്രശാന്തഗിരി**

യുവജനദിനം : യുവജനദിനത്തിൽ കെ.സി.വൈ.എം. യൂണിറ്റ് സ്ഥാപക ഡയറക്ടർ റവ. ഫാ. ബിജു തോംപുന്നയിൽ സി.എസ്.റ്റി. വി. കുർബാന അർപ്പിക്കുകയും യുവജനങ്ങൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു. പോളച്ചൻ എല്ലാ യുവജനങ്ങൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. യുവജനദിനത്തോടനുബന്ധിച്ച് യൂണിറ്റംഗങ്ങൾ മാറ്റൊലി റേഡിയോ നിലയത്തിൽ 'ഒറീസ്സ' എന്ന തെരുവുനാടകം അവതരിപ്പിച്ചു.

അന്നദാനം : ബഹു. പോളച്ചന്റെയും പ്രസി. ശ്രീ. ബിനു പൊട്ടക്കലിന്റെയും നേതൃത്വത്തിൽ 12 യുവജനങ്ങൾ മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ ഉച്ചഭക്ഷണം തയ്യാറാക്കി നൽകി.

യാത്രാമംഗളങ്ങൾ നൽകി : ഇടവകയുടെ ഉന്നമനത്തിനായി ജർമ്മനിക്ക് പോകുന്ന പോൾ ഇടയക്കൊണ്ടാട്ട് അച്ചന് യാത്രാമംഗളങ്ങൾ നേർന്നു.

സ്നേഹത്തോടെ, **സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 22 മുതൽ 26 വരെ നടന്ന MPC കോഴ്സിൽ 97 ഉം ആഗസ്റ്റ് 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 95 ഉം യുവതീയുവാക്കൾ സംബന്ധിച്ചു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| സെപ്റ്റംബർ 05-09 | : | പാസ്റ്ററൽ സെന്റർ, ദ്വാരക |
| സെപ്റ്റംബർ 27-30 | : | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ 10-13 | : | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ഒക്ടോബർ 23-26 | : | പാസ്റ്ററൽ സെന്റർ, ദ്വാരക |

## സ്വാഗതം ..... അഭിനന്ദനങ്ങൾ ......

അഭിവന്ദ്യ പിതാവ് സി. റ്റെസീന SABS നെ മാതൃസംഘടനയുടെ രൂപതാ ആനിമേറ്റർ ആയി നിയമിച്ചിരിക്കുന്ന സന്തോഷവാർത്ത ഏവരെയും അറിയിക്കട്ടെ. സംഘടനാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഓഗസ്റ്റ് 18-ാം തീയതി പുതിയ ആനിമേറ്റർക്ക് ഹൃദ്യമായ വരവേൽപ്പ് നൽകുകയും ചെയ്തു.

## നന്ദി നിറഹൃദയത്തോടെ .......

കഴിഞ്ഞ ഒരു ദശവർഷം മുഴുവനും മാതൃസംഘടന രൂപതാ ആനിമേറ്റർ എന്ന നിലയിൽ സംഘടനയെ നയിച്ച സി. സബീന SABS -നെ അഭിനന്ദിക്കുകയും, കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. സിസ്റ്ററുടെ നേതൃത്വവും സേവനങ്ങളും മാതൃസംഘടനയെ വളർത്തുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്.

## മാതൃസംഘടന രൂപതാ എക്സിക്യൂട്ടീവ്

2009 ഓഗസ്റ്റ് 18-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് നടന്ന ചർച്ചയിൽ മക്കളുടെ സ്വഭാവരൂപീകരണം മാതാക്കളിലൂടെ എന്ന വിഷയത്തെക്കുറിച്ച് ചർച്ചചെയ്യുകയും ഉരുത്തിരിഞ്ഞ 9 ആശയങ്ങൾ മേഖലാ ഡയറക്ടേഴ്സും ആനിമേറ്റേഴ്സുമായി ചർച്ച ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് സെപ്റ്റംബർ 9-ാം തീയതി സംയുക്തമായി എക്സിക്യൂട്ടീവ് ചേരുവാൻ തീരുമാനിച്ചു.

## മാനന്തവാടി മേഖല വൈദീകരെ ആദരിച്ചു

മാനന്തവാടി മേഖല വി. ജോൺ മരിയ വിയാനി പുണ്യവാന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് - 4 ന് മാനന്തവാടി മേഖലാ മാതൃസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി മേഖലയിലെ വൈദീകരെ ആദരിച്ചു. പോരൂർ ഇടവകയിൽ വച്ച് നടത്തിയ പരിപാടിയിൽ 21 വൈദീകർ സംബന്ധിച്ചു. ആരാധനയോടെ ആരംഭിച്ച പരിപാടികൾക്ക് മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകി. മേഖലാ ആനിമേറ്റർ സി. അനില എസ്.എച്ച്. സ്വാഗതവും സെക്രട്ടറി ശ്രീമതി. മോളി കരിമ്പനാക്കുഴി ആശംസകളും അർപ്പിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ വൈദീകർക്ക് ഉപഹാരങ്ങൾ നൽകുകയും ശ്രീമതി തങ്കമണി അലക്സ് നന്ദി പറയുകയും ചെയ്തു.

## പോരൂർ ശാഖ

പോരൂർ ഇടവകയിൽ റവ.ഫാ. തോമസ് മണക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ പ്രവർത്തനം പുനരാരംഭിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**ഭാരവാഹികൾ**

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. തോമസ് മണക്കുന്നേൽ |
| ആനിമേറ്റർ | - | സി. കുസുമോസ് എസ്.എച്ച്. |
| പ്രസിഡണ്ട് | - | മോളി കരിമ്പനാക്കുഴി |
| വൈസ് പ്രസിഡണ്ട് | - | ഏലിയാമ്മ കാഞ്ഞിരംതൊട്ടിയിൽ |
| ജോ.സെക്രട്ടറി | - | ഷാന്റി ആക്കപ്പടിക്കൽ |
| ട്രഷറർ | - | ലിസി വെള്ളാനയിൽ |

ജനറൽ ബോഡിയിൽ 110 അംഗങ്ങൾ പങ്കെടുത്തിരുന്നു. 2009 ജൂലൈ മാസത്തിൽ ഇടവകയിലെ മാതൃസംഘടനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ വാർഡുകളിലും ബഹു. തോമസച്ചന്റെ നേതൃത്വത്തിൽ വാർഡുയോഗങ്ങൾ സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് വിവിധ വ്യക്തികൾ ക്ലാസുകൾ എടുക്കുകയും ചെയ്തു. 17-07-09 ന് ഇടവകയിൽ മാതൃസംഗമം നടത്തുകയും, സി. മേഴ്സി ജോബ് എസ്.എ.ബി.എസ്. ക്ലാസെടുക്കുകയും ചെയ്തു. 10-ാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ അഷിത ഏറത്തൂമലയിൽ എന്ന കുട്ടിക്ക് 1001 രൂപയുടെ ക്യാഷ് അവാർഡ് ബഹു. തോമസച്ചൻ സമ്മാനിച്ചു.

**മൂലങ്കാവ് ശാഖ**

മൂലങ്കാവ് ഇടവകയിൽ മാതൃസംഘത്തിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. ജോജോ കുടക്കച്ചിറ |
| ആനിമേറ്റർ | - | സി. റൊസാലിയ എസ്.ജെ.സി. |
| പ്രസിഡണ്ട് | - | ചിന്നമ്മ റാത്തപ്പിള്ളിൽ |
| വൈസ് പ്രസിഡണ്ട് | - | ത്രേസ്യാമ്മ കാക്കനാട്ട് |
| സെക്രട്ടറി | - | ലിസി വലിയതടത്തിൽ |
| ജോ.സെക്രട്ടറി | - | സ്വപ്ന കുഴികണ്ടത്തിൽ |
| ട്രഷറർ | - | ചിന്നമ്മ വെള്ളാമറ്റത്തിൽ |

**ജൂഡ്സ് മൗണ്ട് ശാഖ**

08-08-09 ലെ മീറ്റിംഗിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡണ്ട് | - | ത്രേസ്യാമ്മ പാലക്കാട്ട് |
| വൈസ് പ്രസിഡണ്ട് | - | മോളി മോളത്ത് |
| സെക്രട്ടറി | - | ലില്ലി മുഞ്ഞനാട്ട് |
| ജോ.സെക്രട്ടറി | - | ത്രേസ്യാമ്മ തലച്ചിറ |
| ട്രഷറർ | - | ത്രേസ്യാമ്മ പുൽപ്പറമ്പിൽ |

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ വികാരി റവ.ഫാ. ചാക്കോ വാഴക്കാലായുടെ അധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്ന എസ്.കെ.ഡി.

യുടെ സാന്നിധ്യത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടന്നു. പള്ളി പരിസരം വൃത്തിയാക്കി, ഗ്രൂപ്പടിസ്ഥാനത്തിൽ കലാപരിപാടികൾ നടത്തി, അമ്മമാർ ഉണർവുള്ളവരായിരിക്കണമെന്നതിനെ അടിസ്ഥാനപ്പെടുത്തി ഡയറക്ടർ റവ.ഫാ. ചാക്കോ വാഴക്കാല ക്ലാസ് എടുത്തു. ആനിമേറ്റർ സി. ജോസ്ന ആരാധന നയിച്ചു., വി. ബലിയർപ്പണത്തിന്റെ വചന വായന, പാട്ട്, കാഴ്ചസമർപ്പണം അമ്മമാരുടെ നേതൃത്വത്തിൽ സജീവമായി ചെയ്തു. എല്ലാ വെള്ളിയാഴ്ചകളിലും ജപമാല, വചനവായന, ഗാനശുശ്രൂഷ എന്നിവ അമ്മമാർ നടത്തി വരുന്നു.

## മരിയൻ സിംഗിൾസ്

18-08-2009 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. പത്തോളം ഏകസ്ഥർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 27-ന് 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2009 ജൂലൈ 31 ആദ്യശനിയുടെ തലേദിവസം വെള്ളിയാഴ്ച 62 സിയോൻ ശുശ്രൂഷകർ നവീകരണത്തിനും വിശുദ്ധീകരണത്തിനും ശാക്തീകരണത്തിനുമായി സീയോൻ ചാപ്പലിൽ ഒന്നു ചേർന്നു. 9.45 – 12 വരെ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയിലും നന്ദി പ്രകാശ നത്തിലും ചെലവഴിച്ചു. എല്ലാവർക്കും അനുരഞ്ജന കൂദാശയ്ക്കു സൗകര്യം ഒരുക്കി. 12 മണിക്ക് ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ജൂലൈ വയനാടിനെ സംബന്ധിച്ചിട ത്തോളം പ്രകൃതിക്ഷോഭങ്ങളുടേയും നാശനഷ്ടങ്ങളുടേയും വേദനക ളുടേയും മാസമായിരുന്നു. വേദനകൾ സഹിച്ച ഈശോയുടെ തൃക്കര ങ്ങളിൽ എല്ലാം സമർപ്പിച്ച വി. അൽഫോൻസാമ്മയെ പോലെ നമുക്കും രക്ഷാകരമാക്കിത്തീർക്കാം. വി. ബലിക്കുശേഷം K.S.T. യുടെ നിർദ്ദേശ ങ്ങൾ കോ–ഓർഡിനേറ്റർ ശ്രീ. ജോണി കുന്നുംപുറം അറിയിച്ചു.

**ജാഗരണ പ്രാർത്ഥന**

6 p.m. ന് ആരംഭിച്ച ജാഗരണ പ്രാർത്ഥനയിൽ ശുശ്രൂഷകരെ കൂടാതെ ധാരാളം ആളുകൾ സംബന്ധിച്ചു. 7 p.m. ന് ബഹു. പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. 12 മണി വരെയുള്ള പ്രാർത്ഥന നയിച്ചത് ബഹു. പാറയിൽ അച്ചനും സീയോൻ ടീമും ആണ്. കർത്താവ് ഈ പ്രാർത്ഥനാ വേളയിൽ ധാരാളം സൗഖ്യങ്ങളും അനു ഗ്രഹങ്ങളും വർഷിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ**

6 a.m. ന് മാതൃസന്നിധിയിൽ എത്തി ജപമാല ചൊല്ലി സീയോനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. ഒരുക്ക ശുശ്രൂഷകൾക്കും പ്രഭാത ഭക്ഷണ ത്തിനും ശേഷം സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. പതിവുപോലെ പ്രഭാത പ്രാർത്ഥന, സ്തുതിആരാധന, ജപമാല ഇവ നടത്തി. വചനം പങ്കുവച്ചത് ശ്രീ. ടോമി മലയിൽ ആണ്. കുടുംബജീവിതം വരപ്ര സാദം നിറഞ്ഞതാകാൻ പര്യാപ്തമായ കാര്യങ്ങൾ അദ്ദേഹം പങ്കുവച്ചു. 12 മണിക്ക് വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകിയത് ബഹു. റോയി

വട്ടക്കാട്ട് അച്ചനാണ്. ഉപരി പഠനത്തിന് റോമിലേയ്ക്ക് പോകുന്ന അച്ചന് ആശംസകൾ അർപ്പിച്ചു. ദിവ്യബലിയ്ക്കുശേഷം ലഘുഭക്ഷണം, സാക്ഷ്യങ്ങൾ, സൗഖ്യാരാധന ഇവയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. ശുശ്രൂഷകൾ എല്ലാം ബഹു. പാറയിൽ അച്ചനും മ്യൂസിക് ടീമും സീയോൻ ടീമും ചേർന്ന് നയിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും സൗകര്യം ഒരുക്കി. ക്രിസ്റ്റീൻ പ്രോഗ്രാം സീയോൻ ചാപ്പലിൽ നടന്നു. സീയോണിലെ ഓരോ ശുശ്രൂഷകർക്കും പ്രാർത്ഥിക്കാനായി രൂപതയിലെ ഓരോ വൈദികരെ നൽകി. മാനന്തവാടി രൂപതയുടെ പുതിയ പ്രോഗ്രാം ആയ 'റേഡിയോ മാറ്റൊലി' യെ പരിചയപ്പെടുത്തി ബഹു. തോമസ് ജോസഫ് തേരകം അച്ചൻ സംസാരിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ**

62 പേർ വന്ന് കൗൺസിലിംഗ് നടത്തിപോയി. 44 യുവജനങ്ങളും 35 ദമ്പതികളും വന്ന് കുമ്പസാരം, കൗൺസിലിംഗ്, വചനപഠനം, വി. ബലി, ആരാധന എന്നിവയിലൂടെ ആത്മീയ ശക്തി നുകർന്ന് ഭവനങ്ങളിലേയ്ക്ക് മടങ്ങി.

**മൂന്നാം വെള്ളി സൗഖ്യദിനം**

ധാരാളം രോഗികൾ കടന്നുവന്ന് ആരാധനയിലും ജപമാലയിലും വി. ബലിയിലും, സൗഖ്യപ്രാർത്ഥനയിലും കുമ്പസാരത്തിലും കൗൺസിലിംഗിലും പങ്കെടുത്ത് ശാരീരിക, മാനസിക ആത്മീയ സൗഖ്യം നേടി.

**കോളേജ് കുട്ടികളുടെ ധ്യാനം**

29-8-09 - 2-9-09 വരെ സീയോനിൽ വച്ചു നടത്തിയ ധ്യാനത്തിൽ ധാരാളം കുട്ടികൾ സംബന്ധിച്ചു. പലതരത്തിലുള്ള സംഘർഷങ്ങളിലും പാപബന്ധനങ്ങളിലും ആയിരുന്നമക്കൾ പരിശുദ്ധാത്മ നിറവിൽ, വചനശക്തിയിൽ വിടുതലും അഭിഷേകവും പുത്തനുണർവ്വും നേടി ഭവനങ്ങളിലേയ്ക്കു മടങ്ങി. Yes Lord എന്ന പേരിൽ നടത്തിയ ഈ ധ്യാനം നയിച്ചത് ബഹു. പാറയിൽ അച്ചനും ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചനും യൂത്ത്ടീമും ചേർന്നാണ്.

**സീയോൻ സെപ്റ്റംബർ മാസത്തിൽ**

4 - സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന
5 - ആദ്യശനി - ഏകദിന കൺവെൻഷൻ, ക്രിസ്റ്റീൻ കൂട്ടായ്മ
12 - രണ്ടാംശനി - കൗൺസിലിംഗ്, ദമ്പതീകൂട്ടായ്മ
യുവജന കൂട്ടായ്മ
18 - മൂന്നാംവെള്ളി - സൗഖ്യദിനം
28 - ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി)

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരി സഹോദരന്മാരേ,

സെപ്റ്റംബർമാസം വിൻസെൻഷ്യൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രാധാന്യമർഹിക്കുന്നതാണ്. 8–ാം തീയതി പരിശുദ്ധ കന്യകയുടെ തിരുനാളും 9–ാം തീയതി വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ തിരുനാളും 27–ാം തീയതി വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളും. ഈ ദിനങ്ങളിൽ എല്ലാ പ്രവർത്തകരും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പൊതുദിവ്യകാരുണ്യം സ്വീകരിക്കാനും ദത്തുകുടുംബങ്ങളെയും സംഘടനയുടെ സഹായാംഗങ്ങളെയുമെല്ലാം പങ്കെടുപ്പിക്കാനും പ്രത്യേക പരിപാടികൾ നടത്താനും ഓർമ്മിപ്പിക്കുന്നു.

**സി.സി. മീറ്റിംഗ്**

അടുത്ത സി.സി. യോഗം സെപ്റ്റംബർ 28–ാം തീയതി തിങ്കളാഴ്ച നടവയൽ ഓസ്സാനാം ഭവനിൽവച്ച് നടത്താമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. വിൻസെന്റ് ഡി പോളിന്റെയും ഓസ്സാനാമിന്റെയും തിരുനാളായി ആചരിച്ച്, വിൻസെന്റ് ഡി പോൾ പ്രവർത്തനത്തിനു നേതൃത്വം നൽകുന്ന എ.സി. പ്രസിഡണ്ടുമാർക്കും സി.സി. ഭാരവാഹികൾക്കും ബോർഡംഗങ്ങൾക്കും ഒരുമിച്ചു ചേരാനുള്ള വേദിയായിരിക്കുമല്ലോ അത്. ബന്ധപ്പെട്ടവർ 10 മണിയോടെ എത്തിപ്പെടാൻ ശ്രമിക്കുക. ദിവ്യബലി അവിടെ അർപ്പിക്കുവാൻ ഏർപ്പാടു ചെയ്യുന്നതായിരിക്കും.

സി.സി. മീറ്റിംഗിനു വരുമ്പോൾ സ്കോളർഷിപ്പ് അപേക്ഷകൾ കൊണ്ടുവരുവാൻ ശ്രദ്ധിക്കുക. ടിന്നിംഗ് ഗ്രാന്റ് കിട്ടിയാൽ അന്ന് വിതരണം നടത്തുന്നതായിരിക്കും.

30–9–09 ന്റെ ക്വാർട്ടർലിസ്റ്റേററ് മെന്റ് ഫോറം ഈ ക്വാർട്ടറിൽ ലഭിച്ചതിന്റെ കണക്കുകൾ പൂരിപ്പിച്ച് ടോട്ടൽ ചെയ്യാതെ കൊണ്ടുവരിക. അന്ന് വിതരണമുണ്ടെങ്കിൽ, അവിടെവച്ച് ബാക്കി പൂരിപ്പിച്ചു തരേണ്ടതാണ്.

## ഏകദിന സെമിനാർ

26-9-09 ശനിയാഴ്ച മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ ഏരിയാ കൗൺസിലുകൾക്കായുള്ള സെമിനാർ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുന്നതാണ്. ഈ മൂന്നു എ.സി. കളിലേയും മുഴുവൻ കോൺഫ്രൻസംഗങ്ങളും കഴിവതും 9 മണിക്കുതന്നെ മണിമൂളിയിൽ എത്താനും അന്നേദിവസം മുഴുവൻസമയവും അതിനായി നീക്കിവയ്ക്കാനും ശ്രദ്ധിക്കുമല്ലൊ.

ഈ മൂന്ന് എ.സി. കളെയും 28 ന്റെ സി.സി. മീറ്റിംഗിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് തിരുനാളാഘോഷവും ബാക്കി ഔദ്യോഗിക കാര്യങ്ങളും സെമിനാർ ദിവസംതന്നെ നടത്തുന്നതിന് സി. സി. ഭാരവാഹികൾ മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്. ബാക്കി കാര്യങ്ങൾ മൂന്ന് എ.സി. പ്രസിഡണ്ടുമാരും അവരുടെ കോർഡിനേറ്റർ ബ്രദർ വി.സി. ജോസും ആലോചിച്ചു ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

## ഓസ്സാനാം ഭവൻ ശുശ്രൂഷ, സന്ദർശനം

ഒക്ടോബർ ആദ്യപകുതി : മാനന്തവാടി എ.സി.

ഒക്ടോബർ രണ്ടാംപകുതി : നടവയൽ എ.സി.

സ്കോളർഷിപ്പ് അപേക്ഷാഫോറവും വിശദീകരണക്കുറിപ്പും എല്ലാ എ.സി. പ്രസിഡണ്ടുമാർക്കും തപാലിൽ അയച്ചിരുന്നു. വേണ്ടതു ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

സസ്നേഹം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളുടെ 2009 ഓഗസ്റ്റ് മാസത്തെ ജയിൽ സന്ദർശനം രണ്ടാംതീയതിയും പതിനാറാം തീയതിയും ആയിരുന്നു. രണ്ടാംതീയതി മാനന്തവാടി കമില്ലസ് സെമിനാരിയിലെ ബഹു. റ്റെജി അച്ചന്റെയും സി. സെലിൻ SABS ന്റെയും നേതൃത്വത്തിൽ കണിയാരം ബാലഭവനിലെ കുട്ടികളുടെ കലാപരിപാടികൾ ആകർഷകമായി. സ്വർഗ്ഗാരോപണ തിരുനാളിന്റെ പ്രസക്തിയും സ്വാതന്ത്ര്യദിനാശംസകളും  കൈമാറി. തടവറമക്കൾക്ക് കുഞ്ഞുങ്ങൾ ഒരനുഭവമായി മാറി.

പതിനാറാം തീയതി ജയിൽ സന്ദർശനത്തിന് എത്തിയത് അമ്പലവയലിൽ നിന്നും ചിത്രഗിരിയിൽ നിന്നും ബഹു. നെല്ലിക്കുന്നേൽ ഫ്രാൻസീസ് അച്ചന്റെയും അമ്പലത്തിങ്കൽ മനോജ് അച്ചന്റെയും നേതൃത്വത്തിലുള്ള കെ.സി.വൈ.എം., സി.എം.എൽ. അംഗങ്ങളായിരുന്നു. തടവറയിൽ കഴിയുന്നവരുമായുള്ള കൂടിക്കാഴ്ചയും അവർക്കുവേണ്ടി ഉണ്ടായിരുന്ന കലാപരിപാടികളും ഏകാന്തതയിൽ ഒരാശ്വാസമായി തടവറമക്കൾക്ക് അനുഭവപ്പെട്ടു. ബഹുമാനപ്പെട്ട SABS, SKD, SD, SH സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ശ്രദ്ധേയമായി. അതോടൊപ്പംതന്നെ താമരശ്ശേരി സനാതന MCBS സെമിനാരിയിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികളുടെ കലാപരിപാടികളും തടവുകാരുടെ ശ്രദ്ധയാകർഷിച്ചു. പഴൂരിൽ നിന്നുള്ള അത്മായ സഹോദരങ്ങളുടെ സാന്നിദ്ധ്യവും അനുഗ്രഹമായിരുന്നു. മധുരപലഹാര വിതരണത്തോടെ ജയിൽ സന്ദർശനം അവസാനിക്കുകയും ചെയ്തു.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**മോചന 2009 - പരിയാരം**

വോയ്സ് വയനാട് സമിതിയുടെ ആഭിമുഖ്യത്തിൽ പരിയാരം യു.പി. സ്കൂളിൽ വെച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി മോചന 2009 ലഹരി വിരുദ്ധ സെമിനാർ ജൂലൈ 24-ന് വെള്ളിയാഴ്ച നടത്തി. ബോധവത്ക്കരണ പരിപാടി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ്, പി.റ്റി.എ. പ്രസിഡണ്ട്, സ്റ്റാഫ് സെക്രട്ടറി എന്നിവർ പ്രസംഗിച്ചു. ക്ലാസുകൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**മോചന 2009 - പൊഴുതന**

ജീവന വയനാട് മേഖലയുടെ ആഭിമുഖ്യത്തിൽ പൊഴുതന പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് മോചന 2009 സംഘടിപ്പിച്ചു. പൊഴുതന പഞ്ചായത്തിലെ ജീവനയുടെ നൂറ്റി ഇരുപത്തഞ്ചോളം പ്രതിനിധികൾ ബോധവത്ക്കരണ സെമിനാറിൽ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ കമ്മറ്റി ചെയർമാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ജീവന വയനാട്ജില്ലാ കോ-ഓഡിനേറ്റർ ശ്രീ. ജയിംസ്, പഞ്ചായത്ത് പ്രോഗ്രാം കോ-ഓഡിനേറ്റർ എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. ക്ലാസിന് ശേഷം നടന്ന പൊതുചർച്ച ഏറെ സജീവമായിരുന്നു. മദ്യനിരോധന ജനാധികാരം പുന:സ്ഥാപിച്ച് നൽകണമെന്ന് സെമിനാർ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.

**രൂപതാ എക്സിക്യൂട്ടീവ്**

സമിതിയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് മാസം പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ ചേർന്നു. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**, രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## സംഘടനാ പ്രവർത്തനങ്ങൾ

### കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ്

ജൂലൈ 17, 18 തീയതികളിൽ പട്ടാണിക്കൂപ്പ് ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ വച്ച് പുൽപ്പള്ളി മേഖലയിലുള്ള SWS ഭരണസമിതി അംഗങ്ങൾക്ക് ദ്വിദിന പരിശീലനം നൽകി. പട്ടാണികൂപ്പ് SWS ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. WSSS പ്രോജക്ട് ഓഫീസർ ഒ.പി. അബ്രാഹം, സി. മേഴ്സി ജോബ് SABS., കെ.ഒ. ജോയി, ഷാജി കെ. ജോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ആഗസ്റ്റ് 7, 8 തീയതികളിൽ കല്പറ്റ മേഖലയിലുള്ള SWS ഭരണ സമിതി അംഗങ്ങൾക്കുവേണ്ടി പുതുശ്ശേരിക്കടവ് ക്രൈസ്റ്റ് ദി കിംഗ് പാരീഷ് ഹാളിൽ വച്ച് നേതൃത്വ പരിശീലനം നൽകി. WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ നേതൃത്വ പരിശീലനം ഉദ്ഘാടനം ചെയ്തു. WSSS പ്രോജക്ട് ഓഫീസർ ഒ.പി. അബ്രാഹം, കോർഡിനേറ്റർമാരായ പി.എ. ജോസ്, കെ.ഒ. ജോയി, ഷാജി കെ. ജോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### ദുരിതാശ്വാസ സഹായം നൽകി

കാലവർഷക്കെടുതിയെ തുടർന്ന് ദുരിതത്തിലായവർക്ക് അടിയന്തര സഹായം നൽകി. വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ വസ്ത്രം, ഭക്ഷണകിറ്റ്, ചികിത്സാസഹായം, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു. പനമരം, മാനന്തവാടി, അഞ്ചുകുന്ന്, നീരട്ടാടി, ചെറുകാട്ടൂർ, അമലനഗർ, കല്ലുവയൽ, വള്ളിയൂർക്കാവ്, വരടിമൂല എന്നീ ദുരിതാശ്വാസ ക്യാമ്പുകളിലും പേരിയ, കല്ലുവയൽ, ആലാറ്റിൽ, പുതി

യിടം, ആറാട്ടുതറ, കമ്മന, ചുള്ളിയാന, കുറുമണി, കോട്ടത്തറ, വഞ്ഞോട്, പുതുശ്ശേരിക്കടവ്, പുതുശ്ശേരി, കൊമ്മയാട്, ചെറുകാട്ടൂർ, ജൂഡ്സ്മൗണ്ട്, മൊതക്കര, പടമല എന്നീ സോഷ്യൽ വെൽഫയർ സൊസൈറ്റികളിലും ദുരിതാശ്വാസ സഹായം നൽകി.

രൂപതാ വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ, പ്രൊക്കുറേറ്റർ റവ.ഫാ. ഗർവ്വാസീസ് മറ്റം, WSSSഡയറക്ടർ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ, പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം എന്നിവർ അടിയന്തര സഹായ വിതരണ പരിപാടികൾക്ക് നേതൃത്വം നൽകി.

കേരളാ സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ.ഫാ. റോമാൻസ് ആന്റണി പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും അടിയന്തര സഹായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വിവിധ സോഷ്യൽ വെൽഫയർ സൊസൈറ്റി ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവർ സഹായധന വിതരണത്തിന് മേൽനോട്ടം വഹിക്കുകയും അർഹതപ്പെട്ടവർക്ക് കൃത്യമായി സഹായം എത്തിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തു.

## നബാർഡ് നീർത്തട വികസനപദ്ധതി റിവ്യൂമീറ്റിംഗ് നടത്തി

വയനാട് ജില്ലയിൽ നബാർഡിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധ നീർത്തട വികസന പരിപാടികളുടെ അവലോകന യോഗം WSSS ആഭിമുഖ്യത്തിൽ WSSS - ൽ വച്ച് നടത്തി. ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, വിമൻസ് വെൽഫയർ അസോസിയേഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ, ആർഷഭാരത്, സീഡ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകളിൽ നിന്നും ഉള്ള വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം അംഗങ്ങൾ അവലോകന യോഗത്തിൽ പങ്കെടുത്തു. നബാർഡ് ഏരിയ ജനറൽ മാനേജർ ബൈജുകുറുപ്പ്, WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, പ്രോഗ്രാം ഓഫീസർ ഒ.പി. അബ്രാഹം എന്നിവർ പങ്കെടുത്തു.

## സാങ്കേതിക പരിപാടികൾ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടത്തുന്ന വിവിധ വികസന പരിപാടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കല്ല്കയ്യാല, മൺകയ്യാല, നീർക്കുഴി, എന്നിവയുടെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

അടുത്ത 2 മാസത്തിനുള്ളിൽ ഒന്നാംഘട്ടത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഫാം വയനാട് പ്രോജക്ട്**

സാന്ത്വനസൗഹൃദം, കർഷകഭവന സന്ദർശനം, ജൈവകർഷകരെ കണ്ടെത്തൽ, വരുമാനവർദ്ധന പദ്ധതികളുടെ സന്ദർശനവും വിലയിരുത്തലും, പഞ്ചായത്തുതല സെമിനാറുകൾ, സർക്കാർ സർക്കാരേതിര സ്ഥാപന സന്ദർശനം, പരിശീലന പരിപാടികൾ എന്നിവ ഫാം വയനാട് പ്രോജക്ടിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**പഞ്ചായത്ത് തല സെമിനാർ**

കോട്ടത്തറ പഞ്ചായത്ത്തല സെമിനാർ 11-7-09 ന് കുറുമ്പാലക്കോട്ട കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തി. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ മദ്യപാനവും ദൂഷ്യവശങ്ങളും എന്ന വിഷയത്തിലും ശ്രീ. റ്റി. ജി. ശങ്കരൻ ജൈവകൃഷിയും സാധ്യതകളും എന്ന വിഷയത്തിലും ക്ലാസ് നൽകി. 95 പേർ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

മാനന്തവാടി പഞ്ചായത്ത്തല സെമിനാർ 11-7-09 ന് പടമല സെന്റ് അൽഫോൻസാ പാരീഷ് ഹാളിൽ വച്ച് നടത്തി. പ്രസ്തുത സെമിനാർ വാർഡ് മെമ്പർ സണ്ണി ജോർജ് ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. സണ്ണി മഠത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. മാറുന്ന കൃഷി രീതികളും മാറാരോഗങ്ങളും എന്ന വിഷയത്തിൽ സി. ഇന്നസെന്റ് MSMI, ജൈവകൃഷിയും സാധ്യതകളും എന്ന വിഷയത്തിൽ എൻ.ജെ. ചാക്കോ എന്നിവർ ക്ലാസ് നൽകി. 125 പേർ സെമിനാറിൽ പങ്കെടുത്തു.

പടിഞ്ഞാറത്തറ പഞ്ചായത്തുതല സെമിനാർ 14-7-09 മംഗളം ഗുഡ്ഷെപ്പേർഡ് പാരീഷ് ഹാളിൽവച്ച് നടത്തി. മാറുന്ന കൃഷി രീതിയും മാറാരോഗങ്ങളുമെന്ന വിഷയത്തിൽ സി. ഇന്നസെന്റും ജൈവകൃഷിയും പരിസ്ഥിതി സംരക്ഷണമെന്ന വിഷയത്തിൽ ശ്രീ. ജോൺസൺ പി. വി.യും ക്ലാസുകൾ നൽകി. 81 കർഷകർ പ്രസ്തു സെമിനാറിൽ പങ്കെടുത്തു.

**Non-Conventional Energy & Alternative Technology**

**ബയോഗ്യാസ് നിർമ്മാണം**

കുടുംബാവശ്യത്തിനുള്ള പാചക ഇന്ധനം ഏറ്റവും കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ രണ്ടും അതിൽ കൂടുതൽ കന്നുകാലികളുള്ള, അല്ലെങ്കിൽ പ്ലാന്റിൽ നിറയ്ക്കുന്നതിന് ആവ

ശ്യമായ മറ്റ് ജൈവ വസ്തുക്കൾ സ്വന്തമായുള്ള കുടുംബങ്ങളിൽ $2m^3$ (ക്യൂബിക്മീറ്റർ) വലിപ്പമുള്ള പ്ലാന്റ് 15000/- രൂപയ്ക്കും $3m^3$ പ്ലാന്റ് 18500 രൂപയ്ക്കും പരിശീലനം ലഭിച്ച വിദഗ്ധ തൊഴിലാളികളെ കൊണ്ട് നിർമ്മിച്ച് നൽകുന്നു. പ്ലാന്റ് നിർമ്മിക്കുന്നവർക്ക് ഖാദി ഗ്രാമവ്യവസായ കമ്മീഷൻ മുഖേന 3500/- രൂപ ധനസഹായവും ലഭ്യമാക്കികൊടുക്കുന്നു. നിർമ്മാണാവശ്യത്തിനുള്ള മണൽ, പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള കുഴി, മേസ്തിരിക്കുള്ള കൈയാൾ സഹായം തുടങ്ങിയ പ്രവർത്തികൾ പ്ലാന്റ് ഉടമകൾതന്നെ ചെയ്തു തരുകയാണെങ്കിൽ ബാക്കിവരുന്ന തുക $2m^3$ 10500 രൂപയും $3m^3$ 14500/- WSSS ൽ അടച്ചാൽ മതി. എല്ലാ നിർമ്മാണ സാമഗ്രികളും നിർമ്മാണ ജോലിയും WSSS മുഖേന നടത്തി കൊടുക്കുന്നു.

ജൂലൈ മാസം സീതാമൗണ്ട്, അമരക്കുനി, പയ്യംമ്പിള്ളി, കാട്ടിമൂല, മംഗലശ്ശേരി എന്നിവിടങ്ങളിൽ 6 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതിനും 6 പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുന്നതിനും കഴിഞ്ഞു. 2 പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ മാസം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ 14 പ്ലാന്റുകളെ ആകെ നിർമ്മാണ ചെലവ് 210,000 രൂപയിൽ 161,000/- രൂപ സ്വയമായി പ്ലാന്റ് ഉടമകൾതന്നെ സമാഹരിച്ചു. 49000/- രൂപ സബ്സീഡിയായി ലഭിച്ചു.

### NAIP പദ്ധതി

NAIP പദ്ധതിയുടെ ധനസഹായത്തോടെ വെള്ളമുണ്ട പഞ്ചായത്തിലെ 1-ാം വാർഡിൽ 3 ബയോഗ്യാസ് പ്ലാന്റുകളും 2 മണ്ണിര കംമ്പോസ്റ്റ് ടാങ്കുകളും നിർമ്മിച്ചു നൽകി. ബയോഗ്യാസ് പ്ലാന്റുകൾക്ക് 7500/- രൂപയും മണ്ണിര കമ്പോസ്റ്റ് ടാങ്ക് നിർമ്മിച്ചവർക്ക് 3750/- രൂപയും ഈ പദ്ധതി മുഖേന ധനസഹായം നൽകി.

### ആദിവാസി വികസനരംഗം

### സഹായംനൽകി

വെള്ളപ്പൊക്കത്താൽ നാശനഷ്ടങ്ങൾ സംഭവിച്ച കോളനികൾ സന്ദർശിക്കുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു. തിരുനെല്ലി പഞ്ചായത്തിലെ പുഴവയൽ, എടവക പഞ്ചായത്തിലെ ചൊവ്വ എന്നീ കോളനിയിലെ കുടുംബങ്ങൾക്കാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി വസ്ത്രങ്ങളും പാത്ര

ങ്ങളും ഭക്ഷണകിറ്റുകളും വിതരണം ചെയ്തത്. സഹായ വിതരണം WSSS കോർഡിനേറ്റർ ശ്രീ. ചാക്കോ എൻ. ജെ. നിർവ്വഹിച്ചു.

## കേരളാ ലേബർ മൂവ്മെന്റ്

### സംസ്ഥാനതല അവലോകനയോഗം

KLM സംസ്ഥാന അവലോകനയോഗം ജൂലൈ 22-ന് എറണാകുളത്ത് വച്ച് നടന്നു. KLM സംസ്ഥാന ഡയറക്ടർ ബഹു. ഫാ. ജെയ്സൺ വടാശ്ശേരി നേതൃത്വം നൽകുകയും ആനിമേറ്റേഴ്സിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവിപരിപാടികൾ വിശദീകരിക്കുകയും ചെയ്തു.

### വിശദീകരണയോഗം

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ബഹു. വൈദീകരുടെ കോൺഫ്രൻസിൽ, KLM സംസ്ഥാന വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ KLM ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ഭാവി പരിപാടികൾക്ക് സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

### കർമ്മമേഖല

കബനിഗിരി, കണിയാരം, ദ്വാരക എന്നിവിടങ്ങളിൽ KLM യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും KLM ന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനുവേണ്ടിയും ഒരു Resource Team നെ തയ്യാറാക്കിയിട്ടുണ്ട്.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി

# റേഡിയോ മാറ്റൊലി 90.4 mhz

**ഉദ്ഘാടനം**

റേഡിയോ മാറ്റൊലിയുടെ ഔപചാരികമായ ഉദ്ഘാടനം ജൂലൈ 25-ന് വയനാട് എം.പി. ശ്രീ. എം. ഐ. ഷാനവാസ് നിർവ്വഹിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ എം.എൽ.എ. മാരായ ശ്രീ. ശ്രേയാംസ്കുമാർ, കെ.സി. കുഞ്ഞിരാമൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.എം. സരസമ്മ ടീച്ചർ, മറ്റു ജനപ്രതിനിധികൾ, എ.ഡി.എം. കെ. വിജയൻ, CEMCA ഡയറക്ടർ ഡോ. ശ്രീധർ എന്നിവർ ആശംസകൾ നേർന്നു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതവും, സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം നന്ദിയും പറഞ്ഞു. ദ്വാരക യു.പി. സ്കൂളിൽ വെച്ചു നടന്ന ചടങ്ങിൽ 500 ഓളം ജനങ്ങൾ പങ്കാളികളായി. ഉദ്ഘാടനത്തിന്റെ തൽസമയ പ്രക്ഷേപണവുമുണ്ടായിരുന്നു.

കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രി ശ്രീ. കെ.വി. തോമസ് ഉദ്ഘാടനം നടത്താമെന്ന് ഏറ്റിരുന്നെങ്കിലും ചികിത്സയിലായിരുന്നതിനാൽ വയനാട്ടിലേക്കുള്ള യാത്ര റദ്ദു ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശം സമ്മേളനത്തിൽ വായിച്ചു.

**സർട്ടിഫിക്കറ്റ് വിതരണം**

കഴിഞ്ഞ ഏപ്രിൽ മാസം റേഡിയോ പരിപാടി നിർമ്മാണത്തിൽ പരിശീലനം നേടിയവർക്കുള്ള സർട്ടിഫിക്കറ്റും കഴിഞ്ഞ ഒക്ടോബർ മാസത്തിൽ സർവ്വേ നടത്തിയ മേരിമാതാ കോളേജിലെയും ഗവ.കോളേജിലെയും NSS വോളണ്ടിയേഴ്സിനുള്ള സർട്ടിഫിക്കറ്റ് വിതരണവും രൂപതയുടെ ഫിനാൻസ് ഓഫീസർ റവ. ഫാ. ഗർവ്വാസീസ് മറ്റം നിർവ്വഹിച്ചു.

**ആദരിക്കൽ**

റേഡിയോ മാറ്റൊലിയുടെ പേർ നിർദ്ദേശിച്ച സി. പെറ്റിറ്റ് തെരേസ്

SABS, ലോഗോ രൂപകല്പന ചെയ്ത ശ്രീ. എ. ജിൽസ് ആനിക്കുഴിയിൽ, സിഗ്നേച്ചർ ട്യൂൺ തയ്യാറാക്കിയ റവ. ഫാ. വിജയൻ ചോഴംപറമ്പിൽ, ടൈറ്റിൽ മ്യൂസിക് തയ്യാറാക്കിയ ശ്രീ. ബാബു ഉരുളിയാനിക്കൽ എന്നിവരെ പൊന്നാട അണിയിച്ച് ആദരിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**സമ്മാന വിതരണം**

റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കവിത, ചെറുകഥ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകപ്പെട്ടു. സമ്മേളനത്തിൽ സംബന്ധിച്ച എല്ലാ വിശിഷ്ട വ്യക്തികൾക്കും പ്രത്യേകം തയ്യാറാക്കിയ മെമന്റോ അഭിവന്ദ്യ പിതാവ് നൽകി. ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് 'റേഡിയോ മാറ്റൊലി' എന്ന് ആലേഖനം ചെയ്ത പേനകൾ വിതരണം ചെയ്തു.

**തത്സമയ പ്രക്ഷേപണം**

വയനാട് ജില്ലയിലും, ജില്ലക്ക് പുറത്തും നടക്കുന്ന പരിപാടികളുടെ തത്സമയ പ്രക്ഷേപണത്തിനു വേണ്ട വാഹനവും സാങ്കേതിക സംവിധാനവും ഇപ്പോൾ നമുക്കുണ്ട്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ 6 തത്സമയ പ്രക്ഷേപണം നടത്തുകയുണ്ടായി. നിലയത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഇത് ഒരു വരുമാന ശ്രോതസ്സു കൂടിയാണ്. ഈ സാധ്യത കഴിയുന്നത്ര സംഘടനകളും, പ്രസ്ഥാനങ്ങളും ഇടവകകളും ഉപയോഗിക്കണമെന്നഭ്യർത്ഥിക്കുന്നു.

**റെക്കോർഡിംഗ് സൗകര്യം**

അത്യാധുനിക സൗകര്യങ്ങളോടു കൂടിയ എയർക്കണ്ടീഷൻ ചെയ്ത നമ്മുടെ സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോകൾ വാടകയ്ക്ക് ലഭ്യമാക്കി തുടങ്ങി. ഭക്തിഗാന സി.ഡി.കൾ, സ്കൂൾ കലാമേളകൾ, വാർഷികങ്ങൾ, തുടങ്ങിയവക്കാവശ്യമായ മ്യൂസിക് റെക്കോർഡിംഗ്, ചിത്രീകരണങ്ങൾക്കുള്ള ശബ്ദലേഖനം തുടങ്ങിയവയ്ക്ക് മാറ്റൊലി സ്റ്റുഡിയോ മിതമായ വാടകയ്ക്ക് ലഭിക്കുന്നതാണ്, മുൻകൂട്ടി ബുക്ക് ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും.

**റേഡിയോ പരിശീലനം**

റേഡിയോ പരിപാടികളുടെ നിർമ്മാണത്തിനുള്ള രണ്ടാം ബാച്ചിന്റെ പരിശീലനം സെപ്തംബർ 4 മുതൽ 7 വരെ റേഡിയോ നിലയത്തിൽ വെച്ചു നടക്കും. 30 പേർക്കാണ് ഈ ബാച്ചിൽ പ്രവേശനം നൽകുക.

## മാറ്റൊലി റിപ്പോർട്ടിംഗ്

ശ്രോതാക്കൾക്ക് പ്രസക്തവും, അവരറിഞ്ഞിരിക്കേണ്ടതുമായ വാർത്തകളും, അറിയിപ്പുകളും, വിശേഷങ്ങളും നിലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനായി വയനാട്ടിലെ എല്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി വാർഡുകളിലും നിന്ന് സന്നദ്ധ സേവനത്തിന് തയ്യാറുള്ള സ്ത്രീ പുരുഷന്മാർക്ക് അവസരം. താല്പര്യമുള്ളവർ നിലയവുമായി ബന്ധപ്പെടുക.

## ആശംസകൾ കുറഞ്ഞ ചിലവിൽ

ജന്മദിനം, വിവാഹ വാർഷികം, ജൂബിലി, ഉന്നതവിജയം, വിദേശ യാത്ര, തിരുനാളുകൾ തുടങ്ങിയ അവസരങ്ങളിൽ പ്രിയപ്പെട്ടവരെ ആശംസകളും അഭിനന്ദനങ്ങളും അറിയിക്കാൻ എളുപ്പമാർഗ്ഗം. താല്പര്യമുള്ളവർ മാറ്റൊലിയുമായി ബന്ധപ്പെടുക.

## ശൂന്യവേള

സീറോ അവർ അഥവാ ശൂന്യവേള എന്ന പേരിൽ ഒരു റേഡിയോ സ്പോട്ട് നമുക്കുണ്ട്. താത്പര്യമുള്ള ഏതൊരാൾക്കും ഇഷ്ടമുള്ള പരിപാടി അവതരിപ്പിക്കാനുള്ള വേദിയാണിത്. കമ്മ്യൂണിറ്റി റേഡിയോയുടെ സർക്കാർ നയങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും അവസരങ്ങൾ ലഭിക്കുക എന്നു മാത്രം. കഴിവുകളുള്ള വ്യക്തികൾക്ക് വയനാട്ടിൽ അറിയപ്പെടാൻ നല്ലൊരവസരമാണിത്.

## അസി. ഡയറക്ടർ സ്ഥാനമേറ്റു

കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിൽ മാസ്റ്റേഴ്സ് ബിരുദ പഠനം പൂർത്തിയാക്കിയ റവ. ഫാ. ജെയ്സ് ചെട്ടിയാശ്ശേരി റേഡിയോ മാറ്റൊലിയുടെ അസി. ഡയറക്ടറായി ചാർജ്ജെടുത്തു. ബഹു. ജെയ്സച്ചന് സ്വാഗതവും വിജയാശംസകളും നേരുന്നു.

## നന്ദിയുടെ പൂച്ചെണ്ട്

റേഡിയോ മാറ്റൊലിയിൽ കഴിഞ്ഞ മാർച്ച് 1 മുതൽ ആഗസ്റ്റ് 16 വരെ സ്തുത്യർഹമായ സേവനം കാഴ്ച വെച്ചശേഷം തിരുവല്ലായിലെ മാർ അത്തനേഷ്യസ് കോളേജിൽ ആരംഭിക്കാൻ പോകുന്ന കമ്മ്യൂണിറ്റി റേഡിയോയിലേക്ക് സ്ഥലം മാറി പോയ ശ്രീ. ജെയിംസ് അബ്രഹാമിന് നന്ദിയുടെ പൂച്ചെണ്ടുകൾ.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**
സ്റ്റേഷൻ ഡയറക്ടർ



# അറിയിപ്പുകൾ

## 1) മലബാറിൽ സീറോ - മലബാർ ആരാധനക്രമം ആരംഭിച്ചിട്ട് 60 വർഷം തികയുന്നു

1923 ഡിസംബർ 21 -ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പ "റെമാനിപൊന്തിഫിച്ചസ" എന്ന തിരുവെഴുത്തിലൂടെ സീറോ മലബാർ ഹൈരാർക്കി സ്ഥാപിച്ചപ്പോൾ അതിന്റെ അധികാര മേഖല പമ്പയ്ക്കും, ഭാരതപുഴയ്ക്കും ഇടക്ക് പരിമിതപ്പെടുത്തിയിരുന്നു. അതുകൊണ്ട് 1935 ജൂലൈ 31 -ാം തീയതി ചെറുവണ്ണൂരിലെ (ഫറോക്ക്) കോഴിക്കോട് ലത്തീൻ രൂപതയുടെ തിരുഹൃദയദേവാലയത്തിന്റെ വികാരിയായി ബഹു. അത്തനേഷ്യസ് സി. എം. ഐ. നിയമിതനായപ്പോഴും, ഒരു വർഷം കഴിഞ്ഞ് 1936 സെപ്റ്റംബർ 8 ന് കടലുണ്ടി സെന്റ് പോൾസ് സി. എം. ഐ. ആശ്രമം സ്ഥാപിതമായപ്പോഴും, അവിടെ ലത്തീൻ കുർബാന അർപ്പിക്കണമെന്ന് നിബന്ധനയുണ്ടായിരുന്നു.

റോമിലെ അംഗീകാരത്തോടെ, മലബാറിൽ സീറോ-മലബാർ ആരാധനക്രമം ഉപയോഗിക്കാൻ തുടങ്ങിയത് 1949 ആഗസ്റ്റ് 15 -ാം തീയതിയായിരുന്നു. അന്ന് കുടിയേറ്റ കേന്ദ്രമായിരുന്ന അസംപ്ഷൻ കോളനി എന്നറിയപ്പെട്ടിരുന്ന, വയനാട് മലയുടെ താഴ്വരയിലുള്ള 5 കുടിയേറ്റ കേന്ദ്രങ്ങളിൽ 5 സി. എം. ഐ. വൈദികർ കോഴിക്കോട് മെത്രാൻ ആൾദോ മരിയ പത്രോണി എസ്. ജെ യുടെ അധികാര പത്രത്തോടെ വികാരിമാരായി ചാർജ്ജ് ഏറ്റെടുക്കുകയും സീറോ-മലബാർ ആരാധനക്രമത്തിൽ ബലി അർപ്പിക്കുകയും ചെയ്തു. ഇതിന് പരി. സിംഹാസനത്തിന്റെ അംഗീകാരവും ആശീർവ്വാദവുമുണ്ടായിരുന്നു.

**ഈ മിഷൻ സ്റ്റേഷനുകളുടെയും വികാരിമാരുടെയും പേരുവിവരം താഴെ കൊടുക്കുന്നു :**

1. തിരുഹൃദയദേവാലയം, തിരുവമ്പാടി - ഫാ. അത്തനേഷ്യസ് CMI

2. വി. സെബാസ്റ്റ്യനോസിന്റെ ദേവാലയം, കൂടരഞ്ഞി – ഫാ. ബേർണദിൻ CMI
3. ആർ. സി. മിഷൻ, കൂടത്തായി – ഫാ. റെയ്മണ്ട് CMI
4. സെന്റ് മേരീസ് ചർച്ച്, കോടഞ്ചേരി – ഫാ. ഫാബിയൂസ് CMI
5. സെന്റ് മേരീസ് ചർച്ച്, കണ്ണോത്ത് – ഫാ. പീറ്റർ CMI

1935 മുതൽ ഫാ. അത്തനേഷ്യസ് ലത്തീൻ കുർബാന ചൊല്ലിയിരുന്നതിനാൽ "എന്റെ മൂന്നാം പുത്തൻ കുർബാന" എന്ന് അദ്ദേഹം വിളിക്കുന്ന സീറോ – മലബാർ ക്രമത്തിലുള്ള കുർബാന തിരുവമ്പാടിയിൽ അർപ്പിച്ചത്, 1949 ഒക്ടോബർ 1 –ാം തീയതിയായിരുന്നു. വി.കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനം.

മലബാറിൽ സീറോ – മലബാർ ക്രമത്തിൽ അജപാലനശുശ്രൂഷ ആരംഭിച്ചതിന്റെ പ്ലാറ്റിനം ജൂബിലി 2010 ജൂലൈ 31 –ാം തീയതിയും, കടലുണ്ടി സി. എം. ഐ. ആശ്രമ സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി 2011 സെപ്റ്റംബർ 8 –ാം തീയതിയുമാണ്. ഇതിനോടനുബന്ധിച്ച് "Documents of CMI Malabar Mission" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇംഗ്ലീഷിലുള്ള ആമുഖത്തോടെ, ലഭ്യമായ പ്രാമാണിക മേഖലകളെല്ലാം മൂലഭാഷയിൽ – ലത്തീൻ, ഇംഗ്ലീഷ്, മലയാളം – പ്രസിദ്ധീകരിക്കുന്നതാണ്.

**റവ. ഫാ. ജോൺ പനന്തോട്ടം CMI** (പ്രൊവിൻഷ്യൽ)

## 2) സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വൈദികർക്കുവേണ്ടിയുള്ള ധ്യാനം

സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വൈദിക വർഷത്തോടനുബന്ധിച്ച് വൈദികർക്കുവേണ്ടി മാത്രമുള്ള താമസിച്ചുള്ള ധ്യാനം ആരംഭിച്ചിരിക്കുന്നു. എല്ലാ മാസത്തിന്റെയും ആദ്യ ഞായർ 4.00 pm ന് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കും.

**2009 ലെയും 2010 ലെയും ധ്യാന തീയതികൾ**

**2009**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 6 – 11 | നവംബർ | 1 – 6 |
| ഒക്ടോബർ | 4 – 9 | ഡിസംബർ | 6 – 11 |

**2010**

| | | | |
|---|---|---|---|
| ജനുവരി | 3 – 8 | ജൂലൈ | 4 – 9 |
| ഫെബ്രുവരി | 7 – 12 | ആഗസ്റ്റ് | 1 – 6 |

| | | | |
|---|---|---|---|
| മാർച്ച് | - 7 - 12 | സെപ്റ്റംബർ | -5 - 10 |
| ഏപ്രിൽ | - 4 - 9 | ഒക്ടോബർ | - 3 - 8 |
| മെയ് | - 2 - 7 | നവംബർ | - 7 - 12 |
| ജൂൺ | - 6 - 11 | ഡിസംബർ | - 5 - 10 |

**Address :**

സെഹിയോൻ ധ്യാനകേന്ദ്രം
താവളം പി. ഒ. അട്ടപ്പാടി, പാലക്കാട് - 678 589
ഫോൺ : 04924 - 253333, 253647, 327710
Website : www. sehionpriests.org, www.sehion.org,

## 3) സെന്റ് ആൻസ് ഹോസ്പിറ്റൽ - നടവയൽ

Phone: 04936 - 211591, 211169

മാന്യരേ,

വയനാട് ജില്ലയിൽ ആദ്യമായി 40 പേർക്ക് ഒരേസമയം കിടന്ന് ചികിത്സിക്കാനുതകുന്ന രീതിയിൽ ഒരു ആയുർവ്വേദ പ്രകൃതി ചികിത്സാ കേന്ദ്രം തുറന്നു പ്രവർത്തിക്കുന്നു. വർഷങ്ങളായി ആരോഗ്യപരിപാലന രംഗത്ത് മുൻപന്തിയിലുണ്ടായിരുന്ന നടവയൽ സെന്റ് ആൻസ് ഹോസ്പിറ്റൽ അത്യാധുനിക സൗകര്യങ്ങളോടെ സെപ്റ്റംബർ 1-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഇവിടെ അലോപതി ചികിത്സയും (എല്ലാവിധ) ആയുർവേദ ചികിത്സകളും പ്രകൃതി ചികിത്സകളും (പ്രധാനമായും അമിതവണ്ണം, പ്രമേഹം, ആസ്തമ, സന്ധി വേദന, പുറംവേദന, രക്താതിസമ്മർദ്ദം, ഉറക്കമില്ലായ്മ, കൊടിഞ്ഞി, വന്ധ്യത, വിഷാദരോഗങ്ങൾ) ലഭ്യമാണ്. നിങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും മന:ശാന്തിയ്ക്കും പ്രതിദിനം യോഗാക്ലാസുകൾ സംഘടിപ്പിക്കുന്നു. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഇവിടെ ലഭ്യമാകുന്ന ചികിത്സകൾ:-** അക്യുപംക്ചർ, ഫിസിയോതെറാപ്പി, കൗൺസലിംഗ്, യോഗ & മെഡിറ്റേഷൻ, കാന്തചികിത്സ, ജല ചികിത്സ, മഡ് ബാത്ത്, സ്റ്റീം ബാത്ത്



# *Programme*

## Pastoral Centre, Dwaraka

### *September - 2009*

| | | |
|---|---|---|
| *Aug 29-Sept 02* | - | *Zion CRC: College Students' Retreat* |
| *01 Tue* | - | *CMA - Forane Directors' & Animators' Meeting* |
| *04 Fri* | - | *Catechism: Teachers' Meet* |
| | - | *Zion CRC: Night Vigil* |
| *05 Sat* | - | *Zion CRC: Prayer Day, Christeen Prayer Day* |
| *05 Sat 09 Wed* | - | *Marriage Preparation Course* |
| *11Fri-12 Sat* | - | *KCYM - DISA* |
| *12 Sat* | - | *Jesus Youth : Prayer Day* |
| *13 Sun-18 Fri* | - | *Priests' Retreat* |
| *20 Sun-25 Fri* | - | *Priests' Retreat* |
| *26 Sat* | - | *Pastoral Council* |
| *27 Sun* | - | *Marian Singles* |
| *27 Sun-30 Wed* | - | *Marriage Preparation Course* |

**Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2009 September

| | |
|---|---|
| 01 Tue ............ | SKD Generalate, Thonichal : Superiors' Meeting |
| 02 Wed ............. | Engaged |
| 03 Thur Morning | Neikuppa : Ordination of Dn Shiju Kureekattil OSC |
| 04 Fri ................ | Out of Station |
| 05 Sat Morning | Kurumani : Blessing of Presbytery |
| 06 Sun ................ | Arattuthara : Pastoral Visit |
| 07 Mon ............. | Visitors' Day |
| 08 Tue .............. | Divine Providence Seminary, Kartikulam : Diaconate of Binoy Palakkatt & Binoy Thottungal |
| 09 Wed 11 Fri... | Mangalapuzha : Seminary Commission Meeting |
| 12 Sat 13 Sun ... | Engaged |
| 14 Mon Afternoon | Kallody HSS : Best result award distribution by School Staff Co-ordination Committe. |
| 14 Mon 18 Fri ... | Priests' Retreat : First Batch |
| 19 Sat .............. | Thottumugham : SD Generalate, Final Profession |

| | |
|---|---|
| 20 Sun 25 Fri ... | Priests' Retreat : Second Batch |
| 26 Sat .............. | Pastoral Council |
| 27 Sun .............. | Pastoral Visit : Thavinjal |
| 28 Mon .............. | **Out of Station** |
| 29 Tue .............. | Engaged |
| 30 Wed ............ | Visitors' Day |

## 2009 October

| | |
|---|---|
| 01 Thu 02 Fri .. | Out of Station |
| 03 Sat ............. | Panavally - Franciscan Ashram |
| 04 Sun 11 Sun .. | Pune, Young Priests' Course |
| 11 Sun 19 Mon .. | Mumbai : Mission Congress |
| 20 Tue ............ | Engaged |
| 21 Wed ............ | Visitors' Day |
| 22 Thu 23 Fri ... | Out of Station |
| 24 Sat ............. | Kaniyaram |
| 25 Sun ............ | Kunjhome : Blessing of Chapel |
| 26 Mon ............. | Visitors' Day |
| 27 Tue .............. | Engaged |
| 29 Thu ............. | Bathery : Vestition and First Profession of MSMI Novices |
| 30 Fri .............. | Out of Station |
| 31 Sat .............. | Panavally : Blessing of Church |

# പുരോഹിതന്റെ സമ്പാദ്യം

ഇല്ല ഞാൻ സമ്പാദിച്ചി-
ട്ടില്ലൊന്നും ലോകത്തിന്റെ
യല്ലലിൽപ്പൊടിയുന്ന
കണ്ണീരിൻ കണമെന്യേ.

പന്തിരണ്ടിടവക
യിങ്കൽ, ഈ ഞാനല്ലീശോ-
തന്തിരുവടിയുടെ-
യിച്ഛ പള്ളികൾ തീർത്തു

പല പാപികൾക്കാത്മ-
സൗന്ദര്യം ദാനം ചെയ്‌വാൻ
പല പീഡിതന്മാർക്കു
ദൈവികാശ്വാസം നൽകാൻ

പള്ളികളിടവക-
തൻ തുടിച്ചീടും ഹൃത്തായ്
പള്ളികൾ സുവിശേഷ-
ചൈതന്യം ചുറ്റും വീശി
കൈതവമിഴഞ്ഞു ചെ-
ല്ലാത്ത ദിവ്യാഹ്ലാദത്തിൽ-
പൈതങ്ങൾ തിമർക്കുമ്പോൾ
ഞാൻ ദൈവരാജ്യം കണ്ടു.

ഇല്ല, ഞാൻ സമ്പാദിച്ചി-
ട്ടില്ലൊന്നുമിക്കുഞ്ഞുങ്ങ-
ളുല്ലസിക്കുമ്പോളോലും-
കണ്ണീരിൻ തെളിയെന്യേ

**(*ഏക സമ്പാദ്യം;* ജി. ശങ്കരക്കുറുപ്പ്)**

